# സിജിത്രം ഒന്ന്

സിജി വാർഷിക വാർത്ത പത്രിക

**Issue 01** · · · · · · · · · · · · · · · · · · · · · · · · · · · · · · · · · · · · · · **2023 -24**



**സർഗാലയത്തിൽ സർഗ്ഗ വസന്തം**




**സിജി: നാട്ടിലും പുറത്തും**



**സർക്കാർ ജോലിയും ഒരു ലക്ഷ്യമാണ്**



**കരിയർ ഗൈഡാകാൻ DCGC**















# സിജിത്രം

## *സിജിയെ വരച്ച് വെക്കാനുള്ള ശ്രമമാണ്*

സിജി, ഒരു ദിനം പെട്ടന്ന് ഉണ്ടായതല്ല,
മറിച്ച് ഉണ്ടായി വന്നതാണ്.
1990 കളുടെ തുടക്കത്തിൽ ഭാഭാ അറ്റോമിക് റിസർച്ച് സെന്ററിൽ നിന്നും വിരമിച്ച് നാട്ടിലെത്തിയ പ്രഗൽഭ ശാസ്ത്രജ്ഞൻ ഡോ. കെ. എം. അബൂബക്കർ തന്റെ സഹപ്രവർത്തകരോട്, സുഹൃത്തുക്കളോട്, സംഘടനാ നേതാക്കളോട് ഒരു കാര്യം പറയുന്നു.
അതിങ്ങിനെയാണ്,
കേരളത്തിലെ ചില വിഭാഗങ്ങൾ സാമൂഹികമായും സാമ്പത്തികമായും പിന്നോക്കമാവുന്നതിന്റെ പ്രധാന കാരണം വിദ്യാഭ്യാസത്തോടുള്ള അവരുടെ സമീപനത്തിന്റെ പ്രശ്നമാണ്.
പത്താം തരം തോറ്റിട്ടോ ജയിച്ചിട്ടോ ആൺകുട്ടികൾ ഗൾഫിലേക്ക് പോകുന്നു. കിട്ടുന്ന ജോലിയിൽ പ്രവേശിക്കുന്നു. പിന്നെ അതാണ് അവരുടെ ജീവിതം.
എട്ട് കഴിഞ്ഞോ പത്ത് കഴിഞ്ഞോ പെൺകുട്ടികൾ കെട്ടിച്ചയക്കപ്പെടുന്നു. എത്ര മിടുക്കിയാണെങ്കിലും അടുക്കളയ്ക്കപ്പുറം അവർക്ക് മറ്റൊരു ലോകമില്ല. കേരളത്തിലെ ഗ്രാമങ്ങളിൽ, വിശിഷ്യാ മലബാറിലെ ഉൾപ്രദേശങ്ങളിൽ എല്ലായിടത്തും ഏറെ കുറെ ഇതായിരുന്നു സ്ഥിതി.
പരിഹാരം അനിവാര്യമായിരുന്നു,
അങ്ങിനെയാണ് 1996 ൽ കോഴിക്കോട് കേന്ദ്രീകരിച്ച് സെന്റർ ഫോർ ഇൻഫർമേഷൻ & ഗൈഡൻസ് ഇന്ത്യ (സിജി) രൂപീകരിക്കപ്പെടുന്നത്. ഡോ. കെ. എം. അബൂബക്കറിന് പുറമെ സാമൂഹിക മാറ്റത്തിനായി പ്രതീക്ഷയോടെ സിജിയെ സമീപിച്ച ഡോ. കെ. എം. ബഹാവുദ്ദീൻ, ഡോ. എൻ. എ. കരീം, ജസ്റ്റിസ് അബ്ദുൽ ഗഫൂർ തുടങ്ങിയ പ്രഗൽഭർ സിജിയുടെ നേതൃത്വം ഏറ്റെടുത്തു. അങ്ങിനെ സിജിയുടെ ചിത്രം വ്യക്തമായി പ്രതിഫലിക്കാൻ തുടങ്ങി.
കരിയർ ഗൈഡൻസ് ആയിരുന്നു സിജിയുടെ ടൂൾ.
അഭിരുചി അറിഞ്ഞ് പഠിക്കണമെന്ന് കുട്ടികളോട് സിജി പറഞ്ഞു.
ആണായാലും പെണ്ണായാലും വിദ്യാഭ്യാസം അവരുടെ അവകാശമാണെന്നും ഗുണമേൻമയുള്ള വിദ്യാഭ്യാസം നൽകലാണ് നമ്മുടെ ഉത്തരവാദിത്വം എന്നും രക്ഷിതാക്കളെ ബോധ്യപ്പെടുത്തി.
വിദ്യാഭ്യാസത്തിന് മുൻഗണന നൽകാത്ത സാമൂഹിക പ്രവർത്തനങ്ങൾ ഒന്നും സ്ഥായിയായ പരിഹാരമല്ല എന്ന് സംഘടനകളെ ഉണർത്തി.
അങ്ങിനെ സിജി വ്യാപിച്ചു.
കേരളത്തിലെ എല്ലാ ജില്ലകളിലും, മലയാളികൾ കൂടുതൽ വസിക്കുന്ന ഗൾഫ് രാജ്യങ്ങളിലും ഒക്കെ സിജിയുടെ സാന്നിധ്യവുമായി. കേരളം കടന്ന് ബിഹാർ, പശ്ചിമ ബംഗാൾ, തമിഴ്നാട്, ലക്ഷദ്വീപ് തുടങ്ങി പിന്നോക്ക ജനവിഭാഗങ്ങൾ നിറഞ്ഞു നിൽക്കുന്ന സ്ഥലങ്ങളിലെല്ലാം സിജി ഉപയോഗപ്പെടുത്തപ്പെട്ടു.
ഇന്ന് കേരളത്തിലെ ചിത്രം മറ്റൊന്നാണ്.
പിന്നോക്ക സമൂഹങ്ങളിൽ നിന്നും വിദ്യാഭ്യാസത്തിലൂടെ പ്രതിഭകൾ ഉയർന്നു വരുന്നു. പഠിക്കാത്തവർ തീരെയില്ല എന്ന് തന്നെ പറയാം.
നേരത്തെ ഏറ്റവും പിറകിലായിരുന്ന ജില്ലകൾ ഇന്ന് മുൻപന്തിയിലെത്തി.
ആകാശം അതിരല്ലെന്ന് കുട്ടികൾ തിരിച്ചറിഞ്ഞു.
നിസ്വാർത്ഥരായ സിജി പ്രവർത്തകരാലാണ് ഇത്രയും സാധിച്ചത്. ഇനിയും ഏറെ സഞ്ചരിക്കാനുണ്ട്. കേരളത്തിന് പുറത്താണ് ഏറെ ആവശ്യം. അവിടെ പലയിടത്തും ഒന്നിൽ നിന്ന് തുടങ്ങണം. കേരളത്തിനകത്ത് കൂടുതൽ പ്രതിഭകൾ ഉയർന്നുവരണം. സിജിത്രം ഒരു വർഷത്തെ സിജി പ്രവർത്തനങ്ങളുടെ ചിത്രങ്ങളാണ്. ഒരു സിജി ഡേ മുതൽ അടുത്ത സിജി ഡേ വരെയുള്ള പരിപാടികൾ. ആദ്യ ലക്കമായതിനാൽ എല്ലാം ചേർക്കാൻ പറ്റിയിട്ടില്ല. കൂടുതൽ സമഗ്രമായി വരും വർഷങ്ങളിൽ പ്രതീക്ഷിക്കാം.

സസ്നേഹം
ഡോ. ഇസഡ് എ അഷ്റഫ്
ജനറൽ സെക്രട്ടറി

## ഡോ. കെ.എം അബൂബക്കർ



മലബാറിൽ വിടർന്ന് ലോക മലയാളി സമൂഹങ്ങളിലെല്ലാം പടർന്ന് പന്തലിച്ച സിജി എന്ന മഹാവൃക്ഷത്തിന്റെ പിറവിക്ക് നിദാനമായത് ഡോ കെ എം അബൂബക്കർ എന്ന ശാസ്ത്രജ്ഞനാണ്. 1928 എറണാകുളം ജില്ലയിലെ വൈപ്പിനിൽ കോയാലിപ്പറമ്പിൽ കുടുംബത്തിൽ ജനിച്ച് ഞാറക്കൽ ഗവൺമെൻറ് ഹൈസ്കൂളിൽ നിന്ന് വിദ്യാഭ്യാസം നേടി. മഹാരാജാസ് കോളേജിൽ നിന്ന് കെമിസ്ട്രിയിൽ 1950ൽ ബിരുദമെടുത്ത അബൂബക്കറിന്, കോഴിക്കോട് ഫാറൂഖ് കോളേജിൽ ജൂനിയർ ലക്ചറർ ആയി നിയമനം ലഭിച്ചു. മൂന്നുവർഷത്തിന് ശേഷം അദ്ദേഹം അലിഗഢ് മുസ്ലിം യൂണിവേഴ്സിറ്റിയിൽ എം എസ് സി ക്ക് ചേർന്നു. ഒന്നാം റാങ്കോടെയായിരുന്നു വിജയം. ഇന്ത്യ ഗവൺമെന്റിന്റെ സീനിയർ യൂണിവേഴ്സിറ്റി സ്കോളർഷിപ്പിനും അദ്ദേഹം അർഹനായി. തുടർന്ന് അലിഗഢിൽ നിന്നുതന്നെ ഫിസിക്കൽ കെമിസ്ട്രിയിൽ പി എച്ച് ഡി നേടി. പഠിച്ച സർവ്വകലാശാലയിൽ തന്നെ അധ്യാപകനുമായി. ഒരു വർഷത്തിനുശേഷം അദ്ദേഹം ഭാഭാ ആറ്റോമിക് റിസർച്ച് സെന്ററിൽ (ബാർക്) ശാസ്ത്രജ്ഞനായി ജോലിയിൽ പ്രവേശിച്ചു. നീണ്ട 30 വർഷത്തെ വിശിഷ്ട സേവനം. പക്ഷേ അവിടെ ശാസ്ത്രജ്ഞൻ മാത്രമായിരുന്നില്ല അദ്ദേഹം. സാമൂഹ്യപ്രവർത്തന മേഖലയിൽ സജീവമായിരുന്നു. ഭിന്നശേഷിക്കാരായ കുട്ടികൾക്കുവേണ്ടി അണുശക്തി നഗറിൽ സ്ഥാപിച്ച സ്കൂൾ ഇവയിൽ ഒന്നുമാത്രം. അറ്റോമിക് എനർജി എജുക്കേഷൻ സൊസൈറ്റിയുടെ ഓണററി സെക്രട്ടറിയായി നീണ്ട 15 കൊല്ലക്കാലം ഡോ. കെ എം അബൂബക്കർ സ്തുത്യർഹമായ സേവനം നടത്തി. റിട്ടയർമെന്റിന് ശേഷം ബോംബെയിൽ കെംബോണ്ട് കെമിക്കൽസിൽ രണ്ടു വർഷം ഉപദേഷ്ടാവായി പ്രവർത്തിച്ച ശേഷം 1991 ലാണ് അദ്ദേഹം മാതൃ സംസ്ഥാനത്തേക്ക് മടങ്ങിയത്. ആ മടങ്ങി വരവ് വിശ്രമ ജീവിതത്തിന് വേണ്ടിയായിരുന്നില്ല എന്നതാണ് കേരള സമൂഹത്തിന്റ പിൽക്കാല സുകൃതമായത്. അൽ ഫാറൂഖ് എജുക്കേഷനൽ സെന്ററിന്റെ സ്ഥാപക ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പനി സെക്രട്ടറി ഓഫ് ഇന്ത്യയുടെ ദക്ഷിണ മേഖലാ കൗൺസിൽ ഡയറക്ടർ തുടങ്ങിയ നിലകളിലുള്ള സേവന കാലത്ത്, അന്നത്തെ കേരളത്തിന്റെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥയുടെ ദയനീയതയെ കുറിച്ച് അദ്ദേഹത്തിന് കൃത്യമായ ബോധ്യം കൈവന്നു. ശരിയായ മാർഗ്ഗനിർദ്ദേശത്തിന്റെ അഭാവമാണ് ഈ പിന്നോക്കാവസ്ഥയുടെ കാരണമെന്നും അദ്ദേഹം തിരിച്ചറിഞ്ഞു. പരമ്പരാഗത പഠനത്തിനകത്ത് ഒതുങ്ങി പോകുമായിരുന്ന തന്നെ തന്റെ മദ്രസ ഉസ്താദായിരുന്ന കെ വി ക്ലാപ്പന മുഹമ്മദ് മൗലവി മാർഗ്ഗ നിർദ്ദേശം കൊണ്ടും സാമ്പത്തിക പിന്തുണ കൊണ്ടും സഹായിച്ചതിന്റെ സ്നേഹപൂർണ്ണമായ ഓർമ്മകളുായിരുന്നു ആ നല്ല മനുഷ്യൻറെ മനസ്സിൽ അത്തരം സേവനം അടുത്ത തലമുറയ്ക്ക് നൽകേണ്ടത് തന്റെ ഉത്തരവാദിത്വം കൂടിയാണെന്ന് ആ നന്മ നിറഞ്ഞ മനസ്സ് തിരിച്ചറിഞ്ഞു. അങ്ങനെയാണ് കേരളത്തിനകത്തും പുറത്തുമുള്ള സാമൂഹ്യ നേതാക്കളുമായും വിദ്യാഭ്യാസ വിചക്ഷണന്മാരുമായും ബുദ്ധിജീവികളുമായുമൊക്കെ നിരന്തരം ബന്ധപ്പെട്ടതും, സെന്റർ ഫോർ ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ഇന്ത്യ – സിജി – എന്ന ഗവൺമെന്റേതര സംഘടന രൂപീകരിച്ചതും. ആദ്യത്തെ രണ്ട് ദശക കാലം ഡോക്ടർ കെ എം അബൂബക്കർ സിജിയുടെ പ്രസിഡന്റായി സേവനം തുടർന്നു. 2017 ചെയർമാൻ എമിററ്റസ് ആയി അദ്ദേഹം ബഹുമാനിതനായി. പ്രായാധിക്യത്തിന്റെ ശാരീരിക അവശതകൾ സദാസമയ സേവനത്തിന് വിഘാതമായപ്പോൾ പോലും നാടെമ്പാടുമുള്ള സിജിയന്മാർക്ക് ഉചിതമായ മാർഗ്ഗനിർദ്ദേശങ്ങളിലൂടെ അദ്ദേഹം പ്രചോദനമായി നിലകൊണ്ടു. 2018 ൽ ഡോ. കെ എം അബൂബക്കർ ഭൂമുഖത്ത് നിന്ന് യാത്രയായി. മായ്ക്കാനാവാത്ത പാദ മുദ്രകൾ ഈ ഭൂമിയിൽ അവശേഷിപ്പിച്ചുകൊണ്ടു തന്നെ. സിജി എന്ന മഹാവൃക്ഷത്തിന്റെ തണലിൽ നിൽക്കുന്നവർ എക്കാലവും അതിന് കാരണഭൂതനായ ആ മഹാമനീഷിയെ ആദരപൂർവ്വം സ്മരിക്കേതുണ്ട്.

# ഡിപ്പാർട്മെന്റ്സ് & പ്രൊജക്റ്റ്സ്

## ഡിപ്പാർട്ട്മെന്റ് ഓഫ് കരിയർ ഗൈഡൻസ്

'ശരിയായ മാർഗനിർദ്ദേശം ലഭിക്കാത്ത ഒരു വിദ്യാർത്ഥിയുമുണ്ടാകരുത്' എന്ന പ്രഖ്യാപിത ലക്ഷ്യത്തോടെ നേരിട്ടും അല്ലാതയും വ്യത്യസ്ത കരിയർ സേവനങ്ങൾ ഈ പ്രോജെക്ടിലൂടെ നടപ്പിലാക്കുന്നു.

കരിയർ മിഷൻ | അഭിരുചി നിർണയ പരീക്ഷ | ഡി സി ജി സി

## സെന്റർ ഫോർ കോമ്പിറ്റൻസി ഡെവലപ്മെന്റ് (സി ഫോർ സി)

തൊഴിലന്വേഷകരുടെ മത്സരക്ഷമത വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ 100 കേന്ദ്രങ്ങൾ സ്ഥാപിച്ചുകൊണ്ട് 2016 ൽ ആരംഭിച്ച സെന്റർ ഫോർ കോമ്പിറ്റൻസി ഡെവലപ്മെന്റ് (C4C) വ്യത്യസ്ത മത്സരാധിഷ്ഠിത പദ്ധതികൾ ഉൾപ്പെടുത്തി പ്രവർത്തിക്കുന്നു.

കോമ്പിറ്റൻസി മൂവ്മെന്റ് | സി–ഐഡിയ

## സെന്റർ ഫോർ ലേണിങ്

പഠന പിന്നോക്കാവസ്ഥയിലുള്ളവരെയും പാർശ്വവൽക്കരിക്കപ്പെട്ടവരെയും സഹായിക്കുന്നതിനായി ലക്ഷ്യമിട്ടിട്ടുള്ള താണ് സെന്റർ ഫോർ ലേണിങ്. ലേണിംഗ് ക്ലിനിക്കുകളും മറ്റും വഴിയാണ് ഈ പ്രവർത്തനം നടപ്പിലാക്കുന്നത്.

ലേണിംഗ് ക്ലിനിക് | സ്കൂൾ അഡോപ്ഷൻ പ്രോഗ്രാം

## സെന്റർ ഫോർ എക്സലൻസ് ഇൻ എജുക്കേഷൻ (സി ഇ ഇ)

വിദ്യാഭ്യാസ സ്ഥാപനങ്ങളെ വിദ്യാർഥികളുടെ ഉന്നത കരിയറഭിലാഷങ്ങൾ സാധ്യമാക്കുന്നതിന് സഹായിക്കാൻ പര്യാപ്തമായ മികവിന്റെ കേന്ദ്രമാകുക എന്ന ഉദ്ദേശത്തോടെയും, അക്കാദമിക - അക്കാദമികേതര മേഖലകളിൽ മികവ് ഉയർത്തുന്നതിൽ സ്ഥാപനങ്ങളെ സഹായിക്കുകയെന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന വിഭാഗമാണ് സെന്റർ ഫോർ ഇൻസ്റ്റിറ്റ്യൂഷണൽ എക്സലൻസ്

ഇൻസ്റ്റിറ്റ്യൂഷണൽ എക്സലൻസ് | ലോജിക് ഒളിമ്പ്യാഡ്

## സ്കോളർഷിപ്പ് ഡിവിഷൻ

പഠിച്ചുയരാനുള്ള ബുദ്ധി സാമർത്ഥ്യവും മികവുമുണ്ടെങ്കിലും ദാരിദ്ര്യം അതിനനുവദിക്കാത്ത വിദ്യാർത്ഥികൾക്ക് സഹായകമാണ് സിജിയുടെ പ്രാരംഭ കാലം മുതൽ പ്രവർത്തിച്ചുവരുന്ന സ്കോളർഷിപ്പ് ഡിവിഷൻ.

ജനറൽ സ്കോളർഷിപ്പ് | സ്പോൺസേർഡ് സ്കോളർഷിപ്പ്

## ടാലന്റ് നർച്ചറിങ്ങ് സെന്റർ (ടി എൻ സി)

കുട്ടികളുടെ കഴിവുകൾ വേണ്ടത്ര വിനിയോഗിക്കപ്പെടുന്നില്ല എന്നത് നമുക്കെല്ലാം അറിയുന്നതാണെല്ലോ. നൈപുണികൾ വളർത്തിയെടുക്കാനുള്ള പ്രവർത്തനങ്ങളുടെ അപര്യാപ്തത തന്നെയാണ് അതിന് കാരണം. ഇതു പരിക്കുകയെന്ന ലക്ഷ്യത്തോടെ കുട്ടികൾക്കായി വിവിധതരം ക്യാമ്പുകളും ശിൽപശാലകളും സംഘടിപ്പിക്കുന്നതിനായി ടാലന്റ് നർച്ചറിങ്ങ് വിഭാഗം നേതൃത്വം വഹിക്കുന്നു.

പ്രോജക്ട് ഇൻഫിനിറ്റി | ഗ്രാമദീപം | പഠന ക്യാമ്പുകൾ

## സെന്റർ ഫോർ ഹ്യൂമൺ റിസോഴ്സ് ഡെവലപ്മെന്റ് (സി എച്ച് ആർ ഡി)

മാനവ ശേഷി വികസനത്തിനായി പരിശീലകരുടെ ആവശ്യം വർദ്ധിച്ചു വരികയാണല്ലോ. മികച്ച പരിശീലകരെ വാർത്തെടുക്കുന്നതിനുള്ള പ്രൊഫഷണൽ ആയ ഒരു സംവിധാനം സെന്റർ ഫോർ ഹ്യൂമൺ റിസോഴ്സ് ഡെവലപ്മെന്റ് എന്ന വിഭാഗത്തിന് കീഴിൽ സിജിയിലുണ്ട്. പല ഘട്ടങ്ങളിലായുള്ള പരിശീലന പരമ്പരയിലൂടെയാണിത് മികവാർന്ന ട്രൈനർമാരെ വാർത്തെടുക്കുന്നത്.

## സെന്റർ ഫോർ കോളേബൊറേറ്റീവ് സോഷ്യൽ വർക്ക്സ് (സി സി എസ് ഡബ്ല്യൂ)

സാക്ഷരതയിലും ജീവിത നിലവാരത്തിലും കേരളം മുന്നിട്ടുനിൽക്കുന്നു. പക്ഷേ കേരളത്തിന് പുറത്ത് പലയിടങ്ങളിലും സമാനമായ പുരോഗതി കൈ വന്നിട്ടില്ല. വളരെ പിന്നോക്ക മേഖലയിലുള്ള അത്തരം സഹോദരങ്ങളെ വികസനത്തിന് സഹായിക്കുക എന്നുള്ളത് ഒരു ദൗത്യമായി സിജി കണക്കാക്കുന്നു. റോപ്പ് എന്ന പേരിൽ വിവിധ സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നു.

# സിജി ഡേ 2023: ഇത് സ്നേഹ സംഗമം

1996 ലെ പിറവിനാൾ മുതൽ സിജിയെ വളർത്തിയെടുത്ത മുൻഗാമികളും, അവരിൽ നിന്ന് ബാറ്റൺ ഏറ്റുവാങ്ങി മുന്നോട്ടു കുതിച്ചുകൊണ്ടിരിക്കുന്ന പിൻഗാമികളും എല്ലാവരും ഒരേ ഹൃദയത്തോടെ കോഴിക്കോട് സിജി ആസ്ഥാനത്ത് ഒത്തുചേരുന്ന മനോജ്ഞ സുദിനമാണ് ഓരോ വർഷവും നവംബറിലെ ആദ്യ ഞായറാഴ്ച. കേരളപ്പിറവിയും സിജിപ്പിറവിയും നവംബർ ഒന്ന് ആയത് കേവല യാദൃശ്ചികത മാത്രമല്ല, ഒരു നിയോഗം കൂടിയായിരിക്കും. ഒന്ന് ഭാഷാടിസ്ഥാനത്തിൽ ഒരു ജനസമൂഹത്തിന്റെ ഔദ്യോഗികമായ ഐക്യപ്പെടൽ, മറ്റൊന്ന്, ആ ജനതയുടെ വിദ്യാഭ്യാസ തൊഴിൽ പുരോഗതി ലക്ഷ്യമാക്കിയ നിസ്വാർത്ഥ പ്രവർത്തകരുടെ ഐക്യപ്പെടൽ.











കേരളപ്പിറവിയ്ക്ക് മുമ്പും ശേഷവും എന്ന് ഒരു ഭൂപ്രദേശത്തിന്റെ വികസന കാലഗണന രേഖപ്പെടുത്തപ്പെട്ടു. വിദ്യാഭ്യാസ – തൊഴിൽ മാർഗ്ഗ നിർദ്ദേശ മേഖലകളിലാവട്ടെ,സിജിയുടെ പിറവിക്ക് മുമ്പും ശേഷവും എന്ന രീതിയിൽ കാലഗണന വേർപിരിഞ്ഞു.

അഭിമാനകരമാണ് നമ്മുടെ നേട്ടങ്ങൾ. മുൻവർഷത്തേക്കാൾ മികച്ചതായിരിക്കണം അടുത്ത വർഷത്തെ പ്രവർത്തനം എന്ന ആരോഗ്യകരമായ മത്സരബുദ്ധിയോ നാം മുന്നോട്ട് പോകുന്നു. ഓരോ ഡിപ്പാർട്ട്മെന്റുകളും, ഓരോ ജില്ലകളും, ഇതര യൂണിറ്റുകളുമെല്ലാം അതേ ആവേശത്തോടെ പ്രയാണം തുടരുന്നു.





# കരിയർ ഗൈഡൻസ് താഴെത്തട്ടിലേക്ക്

സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും കരിയർ ഗൈഡൻസ് സേവനം എത്തിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ വ്യത്യസ്ത പ്രദേശങ്ങളിൽ സർക്കാർ–സാമൂഹിക – സാംസ്കാരിക സംഘടനകളുമായി സഹകരിച്ച് സിജി നടപ്പിലാക്കി വരുന്ന സംരംഭമാണ് കരിയർ അറ്റ് ഗ്രാസ്സ്റൂട്ട്സ് പദ്ധതി. ഇൻസൈറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൊമേഴ്സ് ആൻഡ് മാനേജ്മെന്റുമായി സഹകരിച്ച് 'കോമേഴ്സ് ഉപരിപഠനം' എന്ന വിഷയത്തിലും ഡോപാ നീറ്റ് എൻട്രൻസ് കോച്ചിംഗ് സെന്ററുമായി സഹകരിച്ച് 'സയൻസ് മേഖലയിൽ ഉപരിപഠനം' എന്ന വിഷയത്തിലും വളാഞ്ചേരി നഗരസഭയുമായി സഹകരിച് 'പുതിയ ലോകവും പുത്തൻ സാധ്യതകളും' എന്ന വിഷയത്തിലും പരിപാടികൾ സംഘടിപ്പിച്ചു.


കോട്ടയം


മലപ്പുറം


എറണാകുളം

എറണാകുളം, കോട്ടയം ജില്ലകളിലെ മഹല്ല് കൂട്ടായ്മകളുമായി സാഹകരിച്ചും കരിയർ ഗൈഡൻസ് സെഷനുകൾ സംഘടിപ്പിച്ചിട്ടുണ്ട്. എല്ലാ മാസവും രണ്ടാം ശനിയാഴ്ച നടക്കുന്ന പരിപാടികളിൽ വിദ്യാർത്ഥികളും രക്ഷിതാക്കളും പങ്കെടുത്ത കരിയർ സംബന്ധമായസംശയ നിവാരണം നടത്തുന്നുണ്ട്. വ്യത്യസ്ത പരിപാടികളിലായി അറുനൂറിലധികം ആളുകൾ പങ്കെടുത്തു.

# കരിയർ ഗൈഡാകാം DCGC യിലൂടെ




കരിയർ വിദഗ്ധരെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ സിജി നടത്തുന്ന കോഴ്സാണ് ഡിപ്ലോമ ഇൻ കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിംഗ്. 10,11 ബാച്ചിന്റെ കോൺവെക്കേഷൻ സംഘടിപ്പിച്ചു. വയനാട് ജില്ല എംപ്ലായ്മെന്റ് ഓഫീസർ പി രാജീവൻ മുഖ്യാതിഥി യായി പങ്കെടുത്തു.

12–ാമത് ബാച്ചിന്റെ ബിരുദദാന ചടങ്ങിൽ പ്രശസ്ത സ്പോർട്സ് ജേണലിസ്റ്റും ചന്ദ്രിക ദിനപത്രത്തിന്റെ ചീഫ് ന്യൂസ് എഡിറ്ററുമായ കമാൽ വരദൂർ മുഖ്യാതിഥി യായി പങ്കെടുത്തു. ആത്മവിശ്വാസമുള്ള ഒരു ജന തയെ വാർത്തെടുക്കാൻ നല്ല കരിയർ ഗൈഡുമാർക്ക് സാധിക്കുമെന്ന് അദ്ദേഹം ഓർമിപ്പിച്ചു.

സാമൂഹിക പ്രതിബദ്ധതയുള്ള കരിയർ കൗൺസിലർമാ രെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തിൽ സിജി ന ടത്തി വരുന്ന പദ്ധതിയാണ് ഡി സി ജി സി.






























# അഭിരുചി അറിയാൻ തിരക്കേറുന്നു

## എഡ്യൂകഫെ: ഇന്ത്യയിലും വിദേശ രാജ്യങ്ങിലും സിജി പങ്കാളിത്തം

കേരളത്തിലെ അഞ്ച് കേന്ദ്രങ്ങൾക്ക് പുറമേ മാധ്യമം എഡ്യു കഫെയുടെ കരിയർ ക്ലിനിക്കിൽ സിജി പങ്കെടുത്തു. സിജി ഡിഫറെൻഷ്യൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ്സ് (സി–ഡാറ്റ്) ും ഇതിന്റ ഭാഗമായി നടത്തി. കുവൈത്ത് അബ്ബാസിയ ആസ്പയർ ഇന്ത്യൻ ഇന്റർനാഷണൽ സ്കൂളിൽ നടത്തിയ സിഡാറ്റിലും കരിയർ ക്ലിനിക്കിലും സിജി സെക്രട്ടറി കബീർ പറപ്പൊയിൽ, കരിയർ ഡിപ്പാർട്ട്മെൻറ് ഡയറക്ടർ കെ അസ്കർ എന്നിവരും സിജി ഇന്റർനാഷണൽ ടീം അംഗങ്ങളും പങ്കെടുത്തു. സമാന രീതിയിൽ ഖത്തറിലും പ്രോഗ്രാം സംഘടിപ്പിച്ചു. നിരവധി ഇന്ത്യൻ വിദ്യാർഥികൾക്ക് പുറമെ വിദേശ രാജ്യങ്ങളിലെ വിദ്യാർത്ഥികളും ഈ പരിപാടിയുടെ ഗുണഭോക്താക്കളായി. സംസ്ഥാനത്തെ അഞ്ചു കേന്ദ്രങ്ങളിൽ നടത്തിയ പരിപാടികളിൽ സിജിയുടെ കരിയർ ടീം അംഗങ്ങൾ ക്ലാസുകളും നടത്തി.
















**5689**
**Career Counselling**
*(November 2023 - October 2024)*

**1689**
**C-DAT**
*(November 2023 - October 2024)*

കരിയർ ഗൈഡൻസിൽ സിജിയുടെ സമർപ്പണമാണ് സിജി ഡിഫറൻഷ്യൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് (സിഡാറ്റ്). വിദ്യാർത്ഥികളുടെ അഭിരുചി മനസ്സിലാക്കി കരിയർ തിരഞ്ഞെടുക്കാനും കരിയർ പ്ലാനിങ് നടത്താനും സഹായിക്കുന്ന അഭിരുചി മൂല്യനിർണ്ണയ രീതിയാണ്. ശാസ്ത്രീയമായ ഈ മൂല്യനിർണയ രീതിയോട് ദിനംപ്രതി വിദ്യാർത്ഥികൾക്ക് താല്പര്യം വർധിച്ചു വരികയാണ്. ഇതിനുദാഹരണമാണ് സിഡാറ്റ് ചെയ്യുന്ന കുട്ടികളുടെ എണ്ണത്തിൽ വരുന്ന വർദ്ധനവ്. ഈ വർഷം നൂറുക്കണക്കിന് വിദ്യാർത്ഥികളാണ് സിജിയുടെ കേരളത്തിനകത്തും പുറത്തുമായി ഈ ടെസ്റ്റ് ചെയ്തത്. വിവിധ സ്ഥാപങ്ങളുമായി സഹകരിച്ചും ഈ ടെസ്റ്റ് നടത്തുന്നുണ്ട്. നോബിൾ ഇന്റർനാഷണൽ സ്കൂൾ ഖത്തർ, മാസ്സ് സൊസൈറ്റി തിരുവനന്തപുരം, തണൽ ഇന്റെർവെൻഷൻ സെന്റർ കണ്ണൂർ, നൂറുൽ ഹുദാ പാലക്കാട്, ഇല ഫൌഷേൻ കോഴിക്കോട്, മേമു സ്കൂൾ കോഴിക്കോട് തുടങ്ങിയവ അവയിൽ ചിലതാണ്.









# CIGI SUMMER FESTIVAL

# അവധിക്കാലം സിജിയിൽ അറിവുത്സവം



സ്കൂൾ മധ്യവേനൽ അവധിക്കാലം സിജിയിൽ എന്നും വസന്തകാലമാണ്. നാടിന്റെ നാനാ ഭാഗങ്ങളിൽ നിന്നുള്ള 3 മുതൽ 12 വരെ ക്ലാസുകളിലെ വിദ്യാർത്ഥികൾ ആ ദിനങ്ങളിൽ സിജിയിലെ ക്യാമ്പുകളിൽ ഉത്സവാന്തരീക്ഷം തീർക്കും . ഈ വർഷം ഇതിന് പകിട്ട് വർദ്ധിച്ചു. കേരളത്തിലെ പല കേന്ദ്രങ്ങളിലായി മുപ്പതിലധികം ത്രിദിന സഹവാസ ക്യാമ്പുകളാണ് ഇത്തവണ സംഘടിപ്പിച്ചത്. ആയിരത്തോളം വിദ്യാർത്ഥികളാണ് ഈ വർഷത്തെ ക്യാമ്പിൽ സിജിയോടൊപ്പം കൂടിയത്. ഈ മാതൃകയായിലാരിക്കും ഇനി എല്ലാ വർഷവും സമ്മർ ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നത്


















# സർക്കാർ ജോലിയും ഒരു ലക്ഷ്യമാണ്

മലയാളികളിൽ സർക്കാർ ജോലിയോട് വിമുഖത ഏറുന്ന സാഹചര്യത്തിൽ മിടുക്കരായ യുവാക്കളെ സർക്കാർ സർവ്വീസിൽ എത്തിക്കാനുള്ള ശ്രമങ്ങളാണ് സിജി സെന്റർ ഫോർ കോമ്പിറ്റൻസി നടപ്പിലാക്കുന്നത്.



കാമ്പസുകളിൽ സി – സക്വയറും ഓൺലൈനിൽ നൂറു കണക്കിന് സീ സർക്കിളുകളും ഉണ്ട്.

ഗ്രാമങ്ങളിൽ മൽസര പരീക്ഷയ്ക്ക് അവസരമൊരുക്കാൻ സിജിയുടെ സി ഫോർ സീ കളുണ്ട്.






ഓരോ മാസവും 8,000 രൂപ വിതം നൽകുന്ന സൺറൈസ് ഫെലോഷിപ് സ്കീമും സർക്കാർ ജോലികളിലേക്ക് പ്രചോദനമാണ്.



മൽസര പരീക്ഷകളുടെ വിജയത്തിന് പരിശീലനം അനിവാര്യമാണ്.



സിജിയുടെ LDC ഓൺ ലൈൻ കോഴ്സുകൾ സൗജന്യ



സിജി CGL മെന്റർഷിപ് സൗജന്യമായി നടപ്പാക്കപ്പെടുന്നു.







# മൽസര പരീക്ഷാ പരിശീലകരെ വാർത്തെടുക്കാൻ ഫാക്കൽറ്റി ട്രെയിനിങ്



സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ നടത്തുന്ന വിവിധ പരീക്ഷകളെ കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനും, മാർഗ്ഗനിർദ്ദേശം നൽകുന്നതിനുമായി എസ് എസ് സി മേഖലയിൽ തല്പരരായ ഫാക്കൽറ്റികൾക്കായി ട്രെയിനിങ് സംഘടിപ്പിച്ചു. കോമ്പിറ്റൻസി മേഖലയിൽ വിദഗ്ധനായ ശ്രീ മുനീർ കെ എ ക്ലാസ് നയിച്ചു. ലക്ഷദ്വീപിൽ നിന്നുള്ള എഴുത്തുകാരൻ സലാഹുദ്ദീൻ, മാത്തമാറ്റിക്സ് വിദഗ്ധനായ സി പി മുഹമ്മദ് എന്നിവരും പരിപാടിയിൽ പങ്കെടുത്തു





# ചെറുപ്പത്തിൽ തന്നെ തുടങ്ങണം

നൈപുണികൾ വളർത്താനുള്ള നടപടികൾ എത്രയും ചെറുപ്പത്തിൽ തുടങ്ങണം. മത്സരാധിഷ്ഠിത ലോകത്തിൽ ഇക്കാര്യത്തിന് പ്രസക്തി വർദ്ധിച്ചു വരികയാണെന്ന സിജിയുടെ തിരിച്ചറിവിന് നിദർശനമാണ് 'കോമ്പിറ്റെൻസി അവയർനസ് പ്രോഗ്രാം '

ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി പ്രത്യേകം മോഡ്യൂൾ തയ്യാറാക്കി പത്ത് ജില്ലകളിലെ 22 സ്കൂളുകളിൽ പരിപാടി സംഘടിപ്പിച്ചു. ഭാവിയിൽ നേരിടാനിരിക്കുന്ന വിവിധ മത്സര പരീക്ഷകൾക്ക് സജ്ജരാകാനുള്ള ഈ മുന്നൊരുക്ക പദ്ധതി സിജിയിലെ C4C ഡിപ്പാർട്ട്മെന്റ് ആണ് ആവിഷ്കരിച്ച് നടപ്പാക്കുന്നത്.



സി എം നജീബ് ഉദ്ഘാടനം ചെയ്യുന്നു


ആലപ്പുഴ


തൃശൂർ



കോഴിക്കോട്


കോട്ടയം


പാലക്കാട്


എറണാകുളം


തിരുവനന്തപുരം

# കിൽത്താൻ ദ്വീപിൽ കരിയർ വസന്തം

കേന്ദ്ര സർവീസുകളിൽ മികച്ച അവസരങ്ങൾ ലഭ്യമാണെങ്കിലും ചരിത്രപരമായ കാരണങ്ങളാൽ വളരെയധികം നഷ്ടങ്ങൾ സംഭവിച്ച ജനതയാണ് ലക്ഷദ്വീപ് സമൂഹത്തിലെ നമ്മുടെ സഹോദരങ്ങൾ. വാർത്താവിനിമയരംഗത്തെ കുതിച്ചുചാട്ടം പ്രയോജനപ്പെടുത്തി അവർക്ക് കൂടുതൽ നേട്ടങ്ങൾ ഉണ്ടാക്കാൻ സാധ്യമാവേണ്ടതുണ്ട്. ഇക്കാര്യത്തിൽ സിജി പൂർവാധികം ശ്രദ്ധ പുലർത്തുന്നു. സർക്കാർ സേവനങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുക, ജോലി സാധ്യതകൾ മനസ്സിലാക്കുക എന്നീ ലക്ഷ്യത്തിൽ കൊമ്പിറ്റെൻസി അവയർനസ് ക്ലാസുകൾ ഇവർക്കായി പ്രത്യേകം സംഘടിപ്പിക്കുന്നു. 2024 ഫെബ്രുവരി 11ന് കോഴിക്കോട് സിജിയിൽ കരിയർ പ്ലാനിങ് പ്രോഗ്രാം നടത്തി. കേരളത്തിലെ വിവിധ കോളേജുകളിൽ പഠനം തുടരുന്ന ദ്വീപ് വിദ്യാർത്ഥികൾ പങ്കെടുത്തു. സിജി ജനറൽ സെക്രട്ടറി ഡോ. ഇസഡ് എ അഷ്റഫിന്റെ അധ്യക്ഷതയിൽ ആയിരുന്നു പരിപാടി. വിവിധ ദ്വീപുകളിലെത്തിയും സിജി സംഘം പരിപാടികൾ സംഘടിപ്പിച്ചു.













# CIGI DIRECTORY-2024
# WHO IS WHO

## CIGI Office Beares


**Dr. A B Moideen Kutty**
President


**Mr. K P Shamsuddeen**
Vice President


**Dr. Z A Ashraf**
General Secretary


**Mr. Kabeer Parappoyil**
Secretary


**Mr. Ashraf A Kadoor**
Treasurer

## Cluster Office Beares

### Cluster - 1


**Mr. M H Siyad Hussain**
Chairman
+91 628212 6303


**Mr. Nisam Vizhinjam**
Convenor
+91 944721 0840


### Cluster - 2


**Mr. Mohammed Shafeeq**
Chairman
+91 944704 4393


**Adv. Ibrahim Kutty**
Convenor
+91 949684 9782

### Cluster - 3


**Prof. Rasheed A M**
Chairman
+91 944640 9795


**Mr.Ibrahim**
Convenor
+91 735696 5657

### Cluster - 4


**Mr. Mohammed Rafi**
Chairman
+91 974440 3344


**Mr. Abdul Majeed**
Convenor
+91 797589 3544

### Cluster - 5


**Mr. Usman CS**
Chairman
+91 984775 7347


**Mr. Mujeeb Rahiman**
Convenor
+91 944714 4864

### Cluster - 6


**Mr. Shanavas A K**
Chairman
+91 984741 4538


**Mr. Rasheed Indeevaram**
Convenor
+91 735696 5657

### Cluster - 7


**Mr. Abdul Kadher L I C**
Chairman
+91 944768 5338


**Dr. Ashraf**
Convenor
+91 854713 7666

## District Leaders

### Thiruvananthapuram


**Adv. Noufal A M U**
President
+91 944723 8990


**Mr. Arafat M**
Secretary
+91 974499 9589



**Mr. Afsal Sait**
Treasurer
+91 999596 8422

### Kollam



**Adv. Javad K A**
President
+91 984727 6896


**Mr. Anwar Muhammed**
Secret ry
+91 949517 7747


**Adv. Nowshar K J**
Treasurer
+91 944685 2776

## Pathanamthitta



**Mr. Mehboob Ahmed**
President
+91 903741 1123



**Mr. Anaz Panthalam**
Secretary
+91 755991 2809



**Mr. Shihabudheen**
Treasurer
+91 949680 5514

## Alappuzha



**Mr. Abdul Rasheed E**
President
+91 949696 6983



**Adv. Mujahid Yousuf**
Secretary
+91 812950 1266



**Mr. Muhammmed Kasim**
Treasurer
+91 9446955868

## Kottayam



**Mr. Abdulkhader**
President
+91 944726 7089



**Mrs. Nisha M M**
Secretary
+91 949680 3835



**Mr. Shuhaib Muhamed**
Treasurer
+91 854705 4001

## Idukki



**Mr. Abdul Samad**
President
+91 9447525 2645



**Mr. Ajas**
Secretary
+91 944752 2645



**Mr. Muhammed Siya**
Treasurer
+91 949682 1507

## Ernakulam



**Adv. Syed Muhammed**
President
+91 9447143632



**Mrs. Rasiya Chalakk**
Secretary
+91 974677 7639



**Mr. Noufal A M K**
Treasurer
+91 9847133411

## Thrissur



**Adv. Khalid A Y**
President
+91 9847133411



**Mr. Hussain Cheruthuruthy**
Secretary
+91 989592 0646



**Mr.Sidheeque M K**
Treasurer
+91 974309 0111

## Palakkad



**Mr. Mohammed Rafi N P**
President
+91 944714 4864



**Mr. Nasar Alikkal**
Secretary
+91 9847857029



**Mr. Rasheed Master**
Treasurer
+91 949529 0436

## Malappuram



**Mr. Jamaludheen T**
President
+91 944745 2538



**Mr. Aneesur Rahman P**
Secretary
+91 949646 7992



**Dr. Aboobacker P K**
Treasurer
+91 9847548614

## Kozhikode



**Mr. Salam Omasseri**
President
+91 974570 6002



**Mr. Anwar Cheroth**
Secretary
+91 949695 2003



**Mr. Razak Puthur**
Treasurer
+91 944664 2384

## Wayanad



**Dr. Bava K Palakkunnu**
President
+91 944667 2379



**Mr. Salim P K**
Secretary
+91 9495841960



**Mr. Abdul Rahman A**
Treasurer
+91 940067 3074

## Kanuur



**Mr. Moidhu Parammal**
President
+91 949729 7921




**Mr. Ashid Puzhakkal**
Secretary
+91 854707 0858




**Mr. Ashraf Pedena**
Treasurer
+91 996179 8176


## Kasargod



**Mr. Ismail Haji V K P**
President
+91 884843 4275



**Mr. Suhail Valiyaparamba**
Secretary
+91 989548 7760



**Dr. Ashraf**
Treasurer
+91 854713 7666

# Departments

## Department of Career Guidance



**Mr. Askar K**
Director
+91 984626 2398

**Career Mission**



**Mrs. Fareeda M T**
Co-Director
+91 944763 4898

**C-DAT** (CIGI Diffrential Apttitude Test)



**Mr. Rameem**
Co-Director
+91 974614 0520

**DCGC** (Diploma in Career Guidance and counselling)



**Mrs. Majboora**
Co-Director
+91 904888 6916

## Centre for Competency Development (C4C)



**Mr. Hussain**
Director
+91 904895 9295

**Competency Movement**



**Mrs. Nisha M M**
Co-Director
+91 949680 3835

**Employability Enhancement Programs**



**Mr. Sajid A Kareem**
Co-Director
+91 944619 6280

## Centre for Excellence in Education (CEE)



**Dr. Jayafarali Alichethu**
Director
+91 994649 0994

**Institutional Excellence**



**Mr. Lukman**
Co-Director
+91 984754 8614

**CIGI Olympiad**



**Prof. C P Muhammed**
Co-Director
+91 904895 9295

## Centre for Learnig



**Mrs.Maharunnisa E P**
Director
+91 994687 7837

**Learning Enhancement Programmes**



**Mrs. Lidu D**
Co-Director
+91 8086666 4002

**Learning Clinic**



**Mr. Mufsira**
Co-Director
+91 984700 4143

## Talent Nurturing Centre (TNC)



**Mr. Shahid Elettil**
Director
+91 994622 8548

**Project Infinity**



**Dr. Shamseer Ali**
Co-Director
+91 956270 4586

**Students Workshop**



**Mrs. Shabbira P T**
Co-Director
+91 773634 5929

**Gramadeepam**



**Mrs. Naseeba Basheer**
Co-Director
+91 952680 2064

# Directorates

## Faculty of Research and Analysis (FRA)



**Mr. Sidhik**
Director
+62 812-6921-7531



**Dr. T P M Fareed**
Co-Director
+91 949696 3327

## Directorate of Public Relations



**Mr. Zakariya M V**
Director
+91 944730 1697



**Mr. Kader Palazhi**
Co-Director
+91 944647 7029

## Centre for Human Resource Development (CHRD)



**Mr. Sirajudheen Parambath**
Director
+91 903759 5700

**HRD** (Human Resource Development Programs)



**Mr. Noushad Velom**
Co-Director
+91 974739 5571

**Language Courses**



**Mr. Navas Mannan**
Co-Director
+91 903749 8864

## Directorate of Digital Empowerment (DoDE)



**Mr. Mohammed Faizal**
Director
+9745582 4932



**Dr. Ashkarali**
Co-Director
+91 944751 7090

## Scholarship Division




**Mr. Yousuf V**
Director
+91 953943 2020

**General Scholarship**



**Mr. Aboobaker Thiyyakandi**
Co-Director
+91 808686 3482

**Sponsored Scholarship**



**Mr. Fasal Mohammed**
Co-Director
+91 999508 8529

## Centre for Collaborative Social Work (CCSW)



**Mr. C T Abdul Khader**
Director
+91 984607 4605



**Mr. Aslam M A**
Co-Director
+91 984652 9820


## Team HQ



**Mr. M A Hakheem**
Administrator
+91 808666 2003



**Mr. Zainudheen K**
Chief Coordinator
+91 808666 2002



**Mr. Zakariya M V**
Principal Career Counsilor
+91 944730 1697



**Mrs. Lidhu D**
Educational Social Worker
+91 808666 4002



**Mrs. Lubna P**
Career Consellor
+91 808666 3001



**Mr. Sufik C A**
IT Administrator
+91 755880 1258



**Mr. Adhil Ayyoobi K P**
Public Relations Officer
+91 808666 4008

## Project Coordinators



**Mr. Farhan V P**
Talent Nurturing Centre
+91 808666 4006



**Mr. Fayiz Masroor M**
Scholarship Division
+91 808666 3004



**Ms. Krishnapriya C K**
Centre for Learning
+91 808666 3009



**Ms. Lakshmi M D**
Center for Excellence in Education
+91 808666 3006



**Mr. Jaseel T A**
Center for Comptency Development
+91 808666 3005



**Mrs. Saeeda M P**
Center for Human Resource Development
+91 808666 1538



**Ms. Fathimathu Nasla K P**
Department of Career Guidance
+91 808666 4001



**Mr. Yasin Asharaf P**
Department of Career Guidance
+91 808666 4004




**Mr. Mohammed Rishad**
Creative Officer
+91 808666 1536



**Mr. Nijas A**
Accounts Officer
+91 808666 4009



**Mrs. Sajitha K**
Receptionist
+91 808666 2004



**Mr. Shuhaib C P**
Security Officer
+91 808666 1042



**Mr. Veeran Kutty C P**
Security Officer
+91 808666 1042



**Mrs. Sheeba N**
House Keeping Staff
+91 859304 3010



**Mrs. Ramya Kallat**
Faculty of Research and Analysis
+91 963324 3123


A Unit of IWT Omassery

Santhi hospital

# ആ താരാട്ട് ഓർത്തെടുത്തോളൂ

കുഞ്ഞെന്ന സ്വപ്നം സാക്ഷാത്കരിക്കാം,
**ധാർമികതയിലൂന്നിയ വന്ധ്യതാ നിവാരണ ചികിത്സയിലൂടെ**

- സ്ത്രീ, പുരുഷ വന്ധ്യതാ ചികിത്സ
- വിദഗ്ധരായ സ്പെഷ്യലിസ്റ്റുകൾ
- നവീന സാങ്കേതിക വിദ്യകളുപയോഗിച്ചുള്ള ചികിത്സ

Department of **Reproductive Medicine**



**ഡോ. സന്ധ്യ കൃഷ്ണൻ**
MBBS, DCO, FNB, PGDMLE (Senior Specialist)



**ഡോ. ബാസിമ പി**
MBBS, DGO, FRM, Fellowship in Reproductive Medicine (CIMAR)



**ഡോ. കൃപാലി റായ്**
MBBS, DCO, DNB (Reproductive Specialist)



**Omassery, Kozhikode, Kerala | Ph: 0495 353 19 88, Mob: +91 9605 67 11 00**
santhihospitalomassery | www.santhihospital.com

# തിരുത്തി മുന്നേറാൻ സിഗ്നൈറ്റ്

കൃത്യമായ മുന്നൊരുക്കങ്ങൾ നടത്തിയും ആസൂത്രണം ചെയ്തുമാണ് സിജിയുടെ ഓരോ പദ്ധതികളും നടപ്പിലാക്കുന്നത്. ഇത്തരം വിലയിരുത്തലുകൾക്കായി മൂന്നുമാസത്തിൽ ഒരിക്കൽ സിഗ്നൈറ്റ് എന്ന പേരിൽ നേതൃസംഗമങ്ങൾ സിജി സംഘടിപ്പിച്ചു വരുന്നു. സിജി കമ്മിറ്റി അംഗങ്ങളും, ജില്ലാ നേതൃത്വവും, ഡിപ്പാർട്ട്മെന്റ് ഗവേണിംഗ് കൗൺസിൽ അംഗങ്ങളും പ്രോജക്ട് കോർഡിനേറ്റർമാരും ഒത്തുകൂടുന്ന ഇത്തരം സംഗമങ്ങൾ സിജിയെ കൂടുതൽ ഊർജ്ജസ്വലമായി മുന്നോട്ടു പോകാൻ സഹായിക്കുന്നു.


എറണാകുളം



കോഴിക്കോട്




തിരുവനന്തപുരം



തൃശൂർ

# കരിയർ സംശയങ്ങൾ വീട്ടിലിരുന്നും ചോദിക്കാം



സിജിയുടെ ആസ്ഥാനമായ കോഴിക്കോട് ചേവായൂരിലേക്ക് നാടിന്റെ നാനാഭാഗങ്ങളിൽ നിന്ന് പതിനായിരക്കണക്കായ വിദ്യാർത്ഥികളും രക്ഷിതാക്കളും അധ്യാപകരുമൊക്കെ പഠന– തൊഴിൽ സംബന്ധമായ സംശയദൂരീകരണത്തിനും മാർഗ്ഗനിർദ്ദേശങ്ങൾക്കുമായി വർഷങ്ങളായി എത്താറുണ്ട്. സാങ്കേതിക വിദ്യ വികസിച്ചതോടെ വീടുകളിൽ ഇരുന്നുകൊണ്ടുതന്നെ നേരിട്ട് സംശയങ്ങൾ ചോദിക്കാൻ 2020 മുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയിരുന്നു. കോവിഡിന്റെ ദുരന്ത കാലത്ത് എല്ലാ ദിവസവും ഉച്ചയ്ക്ക് 2 മണി മുതൽ നടത്തിവന്ന ആ പരിപാടിക്ക് വൻ ജനപ്രീതി കൈവരികയും ചെയ്തു. അടച്ചിടൽ കാലത്തും തുറന്നു വച്ച ആ വാതായനങ്ങൾ സമൂഹത്തിന് വലിയ ആശ്വാസമായി. ഇന്ന് മറ്റെല്ലാ സൗകര്യങ്ങളും പുനസ്ഥാപിച്ചിട്ടുങ്കിൽ പോലും എല്ലാ ഞായറാഴ്ചകളിലും രാവിലെ 9 മണി മുതൽ 11 വരെയുള്ള സമയത്ത് **Sunday Career Online: Ask From Home** എന്ന ആ പരിപാടി തുടരുന്നു. എല്ലാ ആഴ്ചകളിലും പ്രസക്തമായ കരിയർ വിഷയങ്ങളെ കുറിച്ച് കരിയർ എക്സ്പേർട്ടുകൾ വിഷയാവതരണം നടത്തുകയും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും അവരുടെ കരിയർ സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്യുന്ന പരിപാടിയാണിത്. ഏപ്രിൽ മാസം തൊട്ട് മാത്രം നാല്പതോളം ക്ലാസ്സുകളിലായി മുവ്വായിരത്തോളം വിദ്യാർത്ഥികളാണ് ഈ പരിപാടിയിൽ പങ്കെടുത്തത്. ഈ സെഷൻ നേരിട്ടല്ലാതെ പതിനായിരത്തിലധികം ഗുണഭോക്താക്കൾക്ക് റെക്കോർഡഡ് ആയി എല്ലാ ആഴ്ചകളിലും ലഭ്യമാകുകയും ചെയ്യുന്നു.













# സിജി സ്കോളേഴ്സ് ഒത്തു ചേർന്നപ്പോൾ

സിജി സ്കോളർഷിപ്പുകൾ നേടി പഠനം പൂർത്തിയാക്കി തൊഴിൽ കരസ്ഥമാക്കിയവരുടെയും നിലവിൽ പഠനം തുടരുന്നവരുടെയും ഒത്തുചേരൽ, വാർഷിക സിജി സ്കോളേഴ്സ് മീറ്റ്, 2024 മെയ് 19ന് കോഴിക്കോട് നടത്തി.









# സിജിറ:സിജി ജില്ലകളിലൂടെ

പരിപാടികളിലെ പുതുമ സിജിയുടെ അടയാളങ്ങളമാണല്ലോ. അവയിൽ ഒന്നാണ് സിജിറ. കർമ്മമണ്ഡലങ്ങളിലൂടെ ഒരുതരം തീർത്ഥയാത്ര. സിജിയുടെ ഭാരവാഹികളും മുതിർന്ന പ്രവർത്തകരും ഉൾപ്പെടുന്നവർ ജില്ലാ കേന്ദ്രങ്ങളിലേക്ക് ചെന്ന് ജില്ലയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും നിർദേശങ്ങൾ ക്രോഡീകരിക്കുകയും ചെയ്യുക എന്നതായിരുന്നു ഈ യാത്രയുടെ ലക്ഷ്യം .സിജിയുടെ മഹത്തായ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിൽ പുതുതായി പിന്തുണ പ്രഖ്യാപിക്കുന്നവരെ ഉൾപ്പെടുത്തുകയും ദുർബലമായവരെ ശക്തമാക്കുകയുമൊക്കെ ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങളാണ് സിജിറയിൽ നടത്തിയത്. സിജിയുടെ ലക്ഷ്യങ്ങൾ അവതരിപ്പിക്കുകയും വിഷൻ 2030 – സാക്ഷാത്കരിക്കുന്നതിനുള്ള നിർദേശങ്ങൾ എല്ലാ കേന്ദ്രങ്ങളിൽ നിന്നും സ്വീകരിക്കുകയും ചെയ്ത ഈ യാത്ര ജില്ലകളിലെ പ്രവർത്തകരിൽ ആവേശവും പ്രോത്സാഹനവും വളർത്താൻ സഹായിച്ചു എന്നതിലപ്പുറം, സിജി കുടുംബത്തിന്റെ സ്നേഹപൂർണ്ണമായ ഒരു ഒത്തുചേരലും കൂടിയായിരുന്നു സിജിറ.



പാലക്കാട്



ഇടുക്കി



എറണാകുളം



തൃശൂർ



തിരുവനന്തപുരം



വയനാട്



കണ്ണൂർ






കോട്ടയം



പത്തനംതിട്ട



കൊല്ലം



മലപ്പുറം



ആലപ്പുഴ



കാസർഗോഡ്



കോഴിക്കോട്



# സിജില : സിജി വേരിലേക്ക്

സിജി പ്രവർത്തനങ്ങൾ പതിന്മടങ്ങ് വ്യാപകമാക്കുകയെന്ന ലക്ഷ്യത്തോടെ ജില്ലകൾ ഓരോ യൂണിറ്റുകളിലും സംഘടിപ്പിച്ച പരിപാടിയായിരുന്നു സിജില. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള എല്ലാ ജില്ലാ കമ്മറ്റികളും യൂണിറ്റുകളിൽ സിജി പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലമാക്കാനും കൂടുതൽ പേരെ സിജി വൃത്തത്തിലേക്ക് എത്തിക്കാനും ലക്ഷ്യം വച്ച ഈ പരിപാടി വളരെ വലിയ സ്വീകാര്യതയാണ് നേടിയത്. ഈ പരിപാടിയിലൂടെ ജില്ലകളിൽ പുതിയ യൂണിറ്റുകൾക്ക് തുടക്കം കുറിക്കുകയും ചെയ്തു.

## കാസർഗോഡ്






## കോഴിക്കോട്





## മലപ്പുറം






## കോട്ടയം






## ആലപ്പുഴ









## എറണാകുളം







## പാലക്കാട്






## തൃശൂർ



## വയനാട്



# സി– ഇൻഡക്ഷൻ 23: സിജിയൻമാരുടെ പ്രവേശനോത്സവം

സിജിയുടെ നിലവിലുള്ള പ്രവർത്തകർക്കൊപ്പം പുതിയ തലമുറയെ വളർത്തിയെടുക്കാനുള്ള പരിപാടിയാണ് സിന്റക്ഷൻ. എല്ലാ വർഷവും നവംബറിൽ ആരംഭിക്കുന്ന ഈ പരിപാടി സിജി ക്യാമ്പസ്സിന് പുറമെ വിവിധ സ്ഥലങ്ങളിലും ഇത്തവണ സംഘടിപ്പിച്ചു. കാസർഗോഡ്, പൊന്നാനി, പാനൂർ, പടന്ന, ഈരാറ്റുപേട്ട, കാഞ്ഞിരപ്പള്ളി, തൊടുപുഴ, മമ്പാട്, മുക്കം തുടങ്ങിയ കേന്ദ്രങ്ങളിൽ നടത്തിയ സിൻഡക്ഷൻ പ്രോഗ്രാം വൻ വിജയകരമായിരുന്നു.


കോഴിക്കോട്


മലപ്പുറം



കാസർഗോഡ്



തിരുവനന്തപുരം




കോട്ടയം


കണ്ണൂർ



# വളണ്ടിയർമാരെ ശക്തിപ്പെടുത്താൻ പരിശീലനം

സിജിയുടെ ഭാഗമായി സമൂഹത്തെ സേവിക്കാൻ ആഗ്രഹിക്കുന്ന നിരവധി വളിയർമാരുണ്ട്. ഇവരെ കൂടുതൽ ശാക്തീകരിക്കുക എന്ന ലക്ഷ്യത്തിൽ നിരവധി പരിശീലന പരിപാടികൾ സിജി സംഘടിപ്പിക്കുന്നു. വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി സംഘടിപ്പിക്കുന്ന ഇത്തരം ശിൽപശാലകൾക്ക് സിജിയുടെ വിദഗ്ധരായ റിസോഴ്സ് പേഴ്സൺമാർ നേതൃത്വം വഹിക്കും. വളണ്ടിയേഴ്സിനെ കൂടുതൽ ശക്തിപ്പെടുത്തുക, അവരുടെ പ്രവർത്തനങ്ങൾ പ്രൊഫഷണൽ ആക്കുക, സമൂഹത്തിന് കൃത്യമായ മാർഗനിർദ്ദേശം നൽകാൻ പ്രാപ്തരാക്കുക എന്നീ ലക്ഷ്യങ്ങളാണ് ഈ ശില്പശാലകൾ സാധ്യമാക്കുന്നത്.













# കുട്ടികളിലെ പഠന പ്രശ്നങ്ങൾ അറിയാൻ അസ്സസ്സ്മെന്റ് ക്യാമ്പ്

പഠന വൈകല്യങ്ങൾ നേരത്തെ കണ്ടെത്തി അവയെ മറികടന്ന് മുന്നോട്ടു പോകുന്നതിന് കുട്ടികളെ സഹായിക്കുന്നതിനുള്ള വിവിധ പരിപാടികൾ സിജിയുടെ സെന്റർ ഫോർ ലേണിങ് വിഭാഗം നടപ്പാക്കി വരുന്നു. പ്രശ്നങ്ങൾ നേരത്തെ കണ്ടെത്തുന്നതിനുള്ള പ്രതിമാസ ശില്പശാലകൾ സംഘടിപ്പിക്കാറുണ്ട്.















# കുട്ടികളിലെ നൈപുണ്യ വികസനം സാധ്യമാക്കാൻ ശില്പശാലകൾ



സിജി,സെന്റർ ഫോർ ലേണിങ് ഡിപ്പാർട്ട്മെന്റിന് നേതൃത്വത്തിൽ 4 മുതൽ 7–ാം ക്ലാസ് വരെയുള്ള കുട്ടികളിലെ ജീവിത നൈപുണ്യ വികസനം സാധ്യമാക്കുക, പഠന മികവുകൾ വളർത്തുക, സർഗാത്മക കഴിവുകൾ പ്രോത്സാഹിപ്പിക്കുക , സാമൂഹിക ബന്ധങ്ങൾ ദൃഢമാക്കുക തുടങ്ങി ലക്ഷ്യങ്ങൾക്കായി ശില്പശാല സംഘടിപ്പിക്കുന്നു. **'Skill-Ed'** എന്ന പേരിൽ ഓരോ വർഷവും സംഘടിപ്പിക്കുന്ന പരിശീലന പരിപാടിക്ക് വിദഗ്ധരായ സിജി ട്രെയിനർമാർ നേതൃത്വം വഹിക്കും.







# എസ് എസ് എൽ സി പരീക്ഷ കൂളാക്കാൻ പവർ അപ് ഓണം ക്യാമ്പ്




എസ് എസ് എൽ സി എന്നത് നമ്മുടെ സമൂഹം ഏറ്റവും പ്രാധാന്യത്തോടെ കാണുന്ന പരീക്ഷയാണ്. അതിൽ കൈവരിക്കുന്ന മികവിന് വലിയ പ്രാധാന്യമാണുള്ളത്. വിദ്യാർഥികളുടെ മികവ് ഉയർത്തുക എന്ന ലക്ഷ്യത്തോടെ സെപ്റ്റംബർ 18 ,19 തീയതികളിൽ സിജി ആസ്ഥാനത്ത് സംഘടിപ്പിച്ച പവർ അപ് ക്യാമ്പ് വിദ്യാർത്ഥികളുടെ സജീവ പങ്കാളിത്തം കൊണ്ടും വിദഗ്ധ മാർഗ്ഗ നിർദ്ദേശം കൊണ്ടും ശ്രദ്ധേയമായി. സീനിയർ റിസോഴ്സ് പേഴ്സൺ റഹിയാന ബീഗം ക്യാമ്പിന് നേതൃത്വം നൽകി. പത്താം ക്ലാസ് വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട സമസ്ത മേഖലകളെയും സമഗ്രമായി സ്പർശിച്ചു കൊണ്ടായിരുന്നു ക്യാമ്പ് സംഘടിപ്പിച്ചത്. ക്യാമ്പ് ഏറെ ആകർഷകവും ഉപകാരപ്രദവുമായെന്ന് വിദ്യാർത്ഥികൾ അഭിപ്രായപ്പെട്ടു.









# സർഗാലയത്തിലെ സർഗ്ഗ വസന്തം

വിദേശരാജ്യങ്ങളിലെ സ്കൂളുകളിൽ  പഠിച്ചുകൊണ്ടിരിക്കുന്ന മലയാളി വിദ്യാർത്ഥികൾക്ക് കേരളക്കരയിൽ വന്ന് വിനോദത്തോടൊപ്പം വിജ്ഞാനവും നൈപുണികളും സ്വായത്തമാക്കാനുള്ള സുവർണ്ണാവസരമായിരുന്നു 2024 ജൂലൈ 9 , 10 , 11 തീയതികളിൽ കോഴിക്കോട് ഇരിങ്ങലിലെ സർഗാലയ ആർട്സ് ആൻഡ് ക്രാഫ്റ്റ് വില്ലേജിൽ വച്ച് നടന്ന സിജി എക്സ്പാ സ്കാൻ.

ആടിയും പാടിയും അവർ തിമിർത്തു. മഡ് ഫുട്ബോളും മീൻപിടുത്തവും പരമ്പരാഗത കൃഷിയും പാചകവും പ്രൈമറി സ്കൂളുകളിലെ വിദ്യാർത്ഥികളെ പരിചയപ്പെടലും അനുഭവങ്ങൾ പങ്കിടലും എല്ലാമായി അപൂർവ്വ സുന്ദരമായ അനുഭവമായിരുന്നു കുട്ടികൾക്കത് . രോഗികളോടും അശരണരോടും സമൂഹത്തിലെ ഏറ്റവും കഷ്ടത അനുഭവിക്കുന്നവരോടും ആത്മബന്ധം സ്ഥാപിക്കുമ്പോഴാണല്ലോ സമഭാവവും മാനവികതയും വിദ്യാർത്ഥികളുടെ മനസ്സിൽ ദൃഢപ്പെടുക. എടച്ചേരിയിലെ തണൽ പുനരധിവാസ കേന്ദ്രത്തിലേക്കുള്ള സന്ദർശനം അവിസ്മരണീയമായ  അപൂർവ്വാനുഭവമായി. സിജി പ്രസിഡന്റ് ഡോ. എ ബി മൊയ്തീൻകുട്ടി ക്യാമ്പ് ഉദ്ഘാടനം ചെയ്തു.












# ഗ്രാമത്തിന്റെ പ്രകാശമായി ഗ്രാമദീപം

ജീവിതം പ്രകാശിക്കുമ്പോഴാണല്ലോ  നാടും സമൃദ്ധിയുടെ വെള്ളിവെളിച്ചത്തിലേക്ക് ഉയരുക. കരിയർ രംഗത്തെ കടുത്ത മത്സരങ്ങൾ നേരിടുന്നതിന് ഗ്രാമീണ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിനായി ഗ്രാമങ്ങളിൽ ആരംഭിച്ച ഗ്രാമദീപങ്ങൾക്ക് മൂന്ന് വയസ്സായി. ആരംഭം മുതൽ നിരന്തരമായി തുടരുന്ന പ്രവർത്തനങ്ങളിലൂടെ നിരവധി വിദ്യാർത്ഥികളാണ് ഗ്രാമദീപത്തിന്റെ ഗുണഭോക്താക്കളായി മാറിയിട്ടുള്ളത്.  മൂന്നാം വാർഷികാഘോഷങ്ങളുടെ ഉദ്ഘാടനം കോഴിക്കോട് സിജി ആസ്ഥാനത്ത് ഓഗസ്റ്റ് 26 ന് സിജി പ്രസിഡന്റ് ഡോ എ ബി മൊയ്തീൻകുട്ടി നിർവഹിച്ചു. സിജി എക്സിക്യൂട്ടീവ് കമ്മറ്റി അംഗം നിസാം എ. പി ട്രൈനിങ്ങിന് നേതൃത്വം നൽകി. ജില്ലാ കോഡിനേറ്റർമാർ, വില്ലേജ് കരിയർ ഗൈഡ്മാർ, വിദ്യാർഥികൾ, രക്ഷിതാക്കൾ എന്നിവരൊക്കെ ഈ ആഹ്ലാദമുഹൂർത്തത്തിൽ പങ്കെടുത്തു. വിവിധ മത്സരങ്ങളിലെ വിജയികൾക്ക് ചടങ്ങിൽ സമ്മാനങ്ങൾ വിതരണം ചെയ്തു. ആയിരം ഗ്രാമങ്ങളിലേക്ക് ഗ്രാമദീപം വളർത്തുന്നതിന്റെ പുതിയ മാർഗ്ഗരേഖയും ഈ വാർഷികാഘോഷ ദിനത്തിൽ അവതരിപ്പിച്ചു. ഡിപ്പാർട്മെന്റ് ഡയറക്റ്റർ ഷാഹിദ് എലൈറ്റിൽ, കോ–ഡയറക്ടർമാരായ നസീബ ബഷീർ, സാബിറ പി ടി എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.











# ഉന്നത കലാലയളങ്ങളിലേക്കെത്തിക്കാൻ 'സി– ഐഡിയ'

പത്താം ക്ലാസ്സ് പൂർത്തിയാക്കിയ 'സി– ഐഡിയ' പ്രോജെക്റ്റിന്റെ ഭാഗമായ വിദ്യർഥികൾക്കായി കോംമ്പിറ്റൻസി വിഭാഗത്തിന് നേതൃത്വത്തിൽ ത്രിദിന റെസിഡൻഷ്യൽ ക്യാമ്പ് സംഘടിപ്പിച്ചു. ക്യാമ്പിന്റെ ഭാഗമായി കോഴിക്കോട് നാഷണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് ടെക്നോളജിയിലേക് സന്ദർശനവും, ഡിപ്പാർട്മെന്റ് അധ്യാപകരുമായി വിദ്യാർത്ഥികൾ സംവദിക്കുകയും ചെയ്തു. രാജ്യത്തെ വിവിധ ഉന്നത കലാലയങ്ങളിൽ നിന്നുള്ള വിദഗ്ധരുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കായി ഓറിയന്റേഷൻ ക്ലാസും സംഘടിപ്പിച്ചു. ക്യാമ്പിൽ പത്താം ക്ലാസിൽ ഉന്നത വിജയം നേടിയവരെ അനുമോദിക്കുകയും ചെയ്തു. ഉന്നത വിദ്യഭ്യാസത്തിന് രാജ്യാന്തര വിദ്യാഭ്യാസ സ്ഥാപങ്ങൾ ലക്ഷ്യം വെക്കുന്ന വിദ്യാർത്ഥികളെ അതിന് പ്രാപ്തമാകുക എന്ന ലക്ഷ്യത്തോടെ സിജി നേതൃത്വത്തിൽ തുടങ്ങിയ പദ്ധതിയാണ് 'സി– ഐഡിയ'. സംസ്ഥാനത്തെ എട്ട് സെന്ററുകളിലായി നാനൂറിലധികം വിദ്യാർത്ഥികൾക്കാണ് സി– ഐഡിയ പദ്ധതിയിലൂടെ സിജി മെന്ററിങ് നൽകുന്നത്.






# സയൻസ് വിദ്യാർത്ഥികൾക്കായി പ്രോജക്ട് ഇൻഫിനിറ്റി

സയൻസ് മേഖലയിൽ വളരാൻ ആഗ്രഹിക്കുന്ന കുട്ടികളിലെ അഭിരുചി വളർത്തുക, അവരുടെ പഠന മികവുകൾ മെച്ചപ്പെടുത്തുക ഉന്നത കലാലയങ്ങളിലേക്ക് അവരെ എത്തിക്കുക എന്നീ ലക്ഷ്യങ്ങളോടെ ടാലന്റ് നർച്ചറിങ് വിഭാഗത്തിന് കീഴിൽ സംഘടിപ്പിക്കുന്ന പദ്ധതിയാണ് പ്രോജക്ട് ഇൻഫിനിറ്റി. സയൻസ് മേഖലയിലെ താൽപര്യമനുസരിച്ച് തിരഞ്ഞെടുക്കുന്ന കുട്ടികളെ കൃത്യമായ പഠന ക്യാമ്പുകളിലൂടെയും, ഉന്നത കലാലയങ്ങളിലേക്കുള്ള സന്ദർശനവും അധ്യാപകരുമായുള്ള വിവിധ ക്ലാസുകളിലൂടെയുമയിരിക്കും ഈ കുട്ടികളെ വളർത്തിയെടുക്കുക.








# കോളേജുകളുടെ റാങ്കിംഗ് മെച്ചപ്പെടുത്താൻ 'കോളേജ് എക്സലൻസ് മീറ്റ്'

നാക്, എൻ ഐ ആർ എഫ് അക്രെഡിറ്റേഷനുമായി ബന്ധപ്പെട്ട കാര്യങ്ങളും കോളേജുകളുടെ വിദ്യാഭ്യാസ ഗുണനിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും ചർച്ച ചെയ്യാനായി സെന്റർ ഫോർ ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ഇന്ത്യ (സിജി)യുടെ നേതൃത്വത്തിൽ കോളേജ് പ്രിൻസിപ്പൽമാരുടെയും മാനേജർമാരുടെയും സംഗമം സംഘടിപ്പിച്ചു. സിജി പ്രസിഡന്റ് ഡോ. എ ബി മൊയ്തീൻകുട്ടി ഉദ്ഘാടനം ചെയ്തു. വിവിധ കോളേജുകളിൽ നിന്നുള്ള പ്രിൻസിപ്പൽമാർ, മാനേജർ, ഐ ക്യു എ സി കോഡിനേറ്റർമാർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു. കോളേജുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായുള്ള വിവിധ വിഷയങ്ങളെ സംബന്ധിച്ച ക്ലാസുകളും, ചർച്ചയും നടന്നു. മെച്ചപ്പെട്ട അക്രഡിറ്റേഷൻ കരസ്ഥമാക്കുന്നതിനായി കോളേജുകളുടെ കൂട്ടായ പരിശ്രമം തുടരാൻ സംഗമം തീരുമാനിച്ചു.





# 'EDU SPHERE 2024': എക്സ്പോയുടെ ഭാഗമായി സിജി

കോട്ടയം അസർ ഫൗണ്ടേഷൻന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച 'EDU SPHERE 2024' എക്സ്പോയുടെ ഭാഗമായി സിജി കോട്ടയം ജില്ലാ ചാപ്റ്റർ കരിയർ സ്റ്റാൾ സ്ജീകരിച്ചു. സിജിയുടെ സൗജന്യ കരിയർ കൗൺസലിംഗ്, സി-ഡാറ്റ് രജിസ്ട്രേഷൻ, സിജിയുടെ വിവിധ പ്രോജക്ടുകൾ പരിചയപെടുത്തൽ, +1 അഡ്മിഷൻ ഹെൽപ്പ് ഡെസ്ക് എന്നീ സൗകര്യങ്ങൾ വിദ്യാത്ഥികൾക്കായി ഒരുക്കി. സിജി കരിയർ കൗൺസിലർ തസ്നി മായിൻ സൗജന്യ കരിയർ കൗൺസലിംഗിന് നേതൃത്വം നൽകി.











# സുഹൈലോർമകളിൽ ആലപ്പുഴ

സിജിയുടെ മുൻ സംസ്ഥാന സമിതി അംഗവും, പ്രമുഖ വിദ്യാഭ്യാസ പ്രവർത്തകനുമായിരുന്ന സുഹൈലിന്റെ ഒന്നാമത് അനുസ്മരണ ചടങ്ങ് വ്യത്യസ്ത പരിപാടികളാൽ ശ്രദ്ധേയമായി. ശ്രീ. രമേശ് ചെന്നിത്തല പരിപാടിയിൽ മുഖ്യാതിഥിയായി. അറിവുള്ള ഒരു തലമുറയെ വാർത്തെടുക്കാൻ വിദ്യാഭ്യാസമേഖലയിൽ സുഹൈലിനെ പോലുള്ളവരുടെ പ്രവർത്തനം ഏറ്റവും ശ്രദ്ധേയമാണെന്നും, സുഹൈലിന്റെ വേർപാട് കരിയർ രംഗത്ത് നികത്താൻ കഴിയാത്തതാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. സിജി ആലപ്പുഴ ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച 'ഓർമ്മകളിൽ സുഹൈൽ' അനുസ്മരണ പരിപാടി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. പരിപാടിയുടെ ഭാഗമായി നൂറിലധികം മഹല്ല് ഭാരവാഹികൾക്കുള്ള ശില്പശാലയും, യു പി വിഭാഗം കുട്ടികൾക്കായി 'ചങ്ങായിക്കൂട്ടം' എന്ന പേരിൽ പരിശീലന കളരിയും ഹൈസ്കൂൾ വിഭാഗം കുട്ടികൾക്കായി കരിയർ ഓറിയന്റേഷൻ ക്ലാസും യുവാക്കൾക്കായി 'നെല്ലും പതിരും' എന്ന പേരിൽ ബോധവൽക്കരണ ക്ലാസും നടന്നു.






# ആരോഗ്യരംഗത്തും സിജി പ്രവർത്തനങ്ങൾ

സിജി തൃശ്ശൂർ ജില്ലാ ചാപ്റ്ററിന്റെ നേതൃത്വത്തിൽ ആരോഗ്യ മേഖലകളെ സംബന്ധിച്ച് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. ലഹരി വിരുദ്ധ ക്യാമ്പയിനുകൾ ആരോഗ്യ സംരക്ഷണ ക്ലാസുകൾ തുടങ്ങി വിവിധതരം പരിപാടികൾ നടത്തി വരുന്നു





# MHRM ശിൽപ്പശാല

ട്രെയിനിങ് മേഖലയിൽ പ്രവർത്തിക്കുന്ന സന്നദ്ധ പ്രവർത്തകർക്കായി സിജി കോഴിക്കോട് ചാപ്റ്ററിന്റെ നേതൃത്വത്തിൽ **MHRM** (**Monthly HR Meet**) സംഘടിപ്പിക്കുന്നു. മനുഷ്യന്റെ ബുദ്ധി ചിന്ത മേഖലകളെ സംബന്ധിക്കുന്ന മെന്റലിസം മേഖലയിലെ സ്കില്ലുകളും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തിൽ സംഘടിപ്പിക്കുന്ന ഈ ശില്പശാലകൾക്ക് ഷാഫി പാപ്പിനിശ്ശേരി, ശാലിക്ക്, വി മുഹമ്മദ് എന്നിവർ ക്ലാസ് നയിച്ചു.




## എസ് എസ് സി സി ജി എൽ ഓറിയന്റ്ഷൻ

സിജി എറണാകുളം ജില്ലാ ചാപ്റ്റർ നേതൃത്വത്തിൽ എസ് എസ് സി സി ജി എൽ ഓറിയന്റ്ഷൻ സംഘടിപ്പിച്ചു. വിദ്യാർത്ഥികളിൽ സർക്കാർ ജോലികളെ കുറിച്ച് അവബോധം സൃഷ്ടിക്കുക, കൂടുതൽ ആളുകളെ സർക്കാർ ഉദ്യോഗസ്ഥരാക്കി മാറ്റുക എന്ന ലക്ഷ്യത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ ഷാനവാസ് ചങ്ങനാശ്ശേരി ക്ലാസ് നയിച്ചു.



## ട്രെയിനർമാരെ വളർത്തിയെടുക്കാൻ ശിൽപശാല

സിജി എറണാകുളം ജില്ലാ ചാപ്റ്റർ നേതൃത്വത്തിൽ സാമൂഹിക പ്രതിബദ്ധതയുള്ള ട്രെയിനർമാരെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തിൽ ശില്പശാല സംഘടിപ്പിച്ചു.



## വുമൺ കളക്റ്റീവ് ജില്ലാ സംഗമം

സിജി കണ്ണൂർ ജില്ല ചാപ്റ്റർ നേതൃത്വത്തിൽ സിജി വുമൺ കളക്റ്റീവ് ജില്ലാ സംഗമം സംഘടിപ്പിച്ചു. നഗരസഭ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ കെ പി ഖദീജ ഉദ്ഘാടനം ചെയ്തു.




## കോംമ്പിറ്റൻസി ദിനാചരണം സംഘടിപ്പിച്ചു

ഒക്ടോബർ 2 കോമ്പിറ്റൻസി ദിനമായി സിജി ആദരിക്കുന്നു, ഇതിന്റെ ഭാഗമായി സിജി കോട്ടയം ജില്ലാ ചാപ്റ്ററിന്റെ നേതൃത്വത്തിൽ 'സി–ഡേ' (കോമ്പിറ്റൻസി ഡേ) പരിപാടി കാഞ്ഞിരപ്പള്ളി അസർ ഫൗണ്ടേഷൻ ഹാളിൽ വച്ച് സംഘടിപ്പിച്ചു. ഗവൺമെന്റ് ചീഫ് വിപ്പ് ഡോ. എൻ ജയരാജ് എം എൽ എ ഉദ്ഘാടനം ചെയ്തു. കോമ്പിറ്റൻസി ദിനാചരണത്തോടനുബന്ധിച്ചു നടത്തിയ ക്വിസ് മത്സരത്തിലെ വിജയികളെ അനുമോദിച്ചു.




## ട്രൈനേഴ്സ് ട്രൈനിങ് ശിൽപശാല സംഘടിപ്പിച്ചു

സിജി മലപ്പുറം ജില്ലാ ചാപ്റ്ററിന്റെ കീഴിൽ ഹ്യൂമൻ റിസോഴ്സ് ഡിവലപ്മെന്റ് വിഭാഗത്തിന് കീഴിൽ സംഘടിപ്പിക്കുന്ന മാസാന്തര ട്രൈനേഴ്സ് ട്രൈനിംഗിന്റെ ഭാഗമായി 'മൈൻറ് പവർ & ലൈഫ് സക്സസ് (ഹിപ്നോട്ടിസം)' എന്ന വിഷയത്തിൽ ഏകദിന ശിൽപശാല സംഘടിപ്പിച്ചു. ശ്രീ. മുനീർ ആമയൂർ നേതൃത്വം നൽകി.



## നാലുവർഷ ഡിഗ്രി, ആശങ്കകളും, പ്രതീക്ഷകളും

കേരളത്തിലെ കോളേജുകളിൽ ഈ വർഷം മുതൽ നടപ്പിൽ വരുന്ന നാലുവർഷ ഡിഗ്രിയെ സംബന്ധിച്ച കുട്ടികളുടെ ആശങ്കകൾ അകറ്റുന്നതിനു വേണ്ടി സിജി കോഴിക്കോട് ചാപ്റ്ററിന്റെ നേതൃത്വത്തിൽ സൗജന്യ ഓറിയന്റേഷൻ ക്ലാസ് സംഘടിപ്പിച്ചു. സിജി കരിയർ വിഭാഗം ഡയറക്ടർ അസ്ക്കർ മാഷ് ക്ലാസിന് നേതൃത്വം നൽകി.




## സിജിയന്മാർക്കായി നൂതന സാങ്കേതികവിദ്യ പരിശീലനം

പാലക്കാട് ജില്ലാ ചാപ്റ്ററിന്റെ നേതൃത്വത്തിൽ സിജിയന്മാർക്കായി ശിൽപശാല സംഘടിപ്പിച്ചു. ഡിജിറ്റൽ സാങ്കേതിക വിദ്യകളുടെ സാധ്യതകളെക്കുറിച്ചും ഉപയോഗത്തെ സംബന്ധിച്ചും പരിശീലനത്തോടുകൂടിയുള്ള ശില്പശാലയായിരുന്നു





## നീറ്റ് ഓറിയന്റേഷൻ പ്രോഗ്രാം

മെഡിക്കൽ പ്രവേശന പരീക്ഷ – 'നീറ്റ്' ഫലം പ്രസിദ്ധീകരിച്ച സാഹചര്യത്തിൽ ഓപ്ഷൻ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും മാർഗദർശനം നൽകുന്നതിനും സംശയനിവാരണത്തിനുമായി മലപ്പുറം സിജി സെന്ററിൽ വെച്ച് ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. മലപ്പുറം ജില്ലാ സിജിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ സിജി ചീഫ് കരിയർ കൗൺസിലർ റംല ബീവി ക്ലാസ് നയിച്ചു .



# തൊഴിലന്വേഷകർക്കും വിദ്യാർത്ഥികൾക്കുമായി ഖത്തറിൽ കരിയർ കണക്ട്

ഇന്ത്യൻ കമ്മ്യൂണിറ്റി ബെനവലന്റ് ഫോറം (ഐ.സി. ബി.എഫ്) 40–ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി, വിദ്യാർത്ഥികൾക്കും തൊഴിലന്വേഷകർക്കുമായി, കരിയർ കണക്ട് എന്ന പേരിൽ ദ്വൈവാര കരിയർ ക്ലിനിക്കുകൾ ആരംഭിച്ചു. സെന്റർ ഫോർ ഇൻഫോർമേഷൻ ആന്റ് ഗൈഡൻസ് ഇന്ത്യ (സിജി) യുമായി സഹകരിച്ചാണ് കരിയർ ക്ലിനിക്കുകൾ പ്രവർത്തിക്കുക. ഇന്ത്യൻ അംബാസ്സഡർ വിപുൽ പരിപാടി ഉൽഘാടനം നിർവഹിച്ചു. ഖത്തറിലെ തൊഴിലാളി സമൂഹത്തിന് കരിയർ കണക്ട് വലിയ സഹായകമായിരിക്കുമെന്ന് അദ്ദേഹം പറഞ്ഞു. വിദ്യാഭ്യാസ മേഖലയിലും തൊഴിൽ മേഖലയിലും ഉള്ള പുതിയ അവസരങ്ങളെക്കുറിച്ച് അവരെ ബോധവാന്മാരാക്കുക വഴി നാട്ടിലുള്ള കുട്ടികൾക്ക് ശരിയായ വിദ്യാഭ്യാസ – തൊഴിൽ സാധ്യതകൾ കണ്ടെത്തുന്നതിനും തിരഞ്ഞെടുക്കുന്നതിനും സഹായിക്കുമെന്ന് അദ്ദേഹം പറഞ്ഞു.








# കെ എം സി സി ഖത്തർ സംഘടിപ്പിക്കുന്ന ന്യൂനപക്ഷ ശാക്തീകരണ സെമിനാറിൽ സിജി പ്രസിഡന്റ് സംസാരിക്കുന്നു

ന്യൂനപക്ഷ ശാക്തീകരണത്തിന്റെ അനിവാര്യത എന്ന വിഷയത്തിൽ കെ.എം.സി.സി. ഖത്തർ സംസ്ഥാന കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ സെമിനാർ സംഘടിപ്പിച്ചു. ദോഹയിലെ കെ.എം.സി.സി. ഹാളിൽ നടന്ന സെമിനാർ മുസ്‌ലിം യൂത്ത് ലീഗ് മലപ്പുറം ജില്ല പ്രസിഡന്റ് ശരീഫ് കുറ്റൂർ ഉദ്ഘാടനം ചെയ്തു. സിജി പ്രസിഡന്റ് ഡോ. എ.ബി. മൊയ്തീൻ കുട്ടി മുഖ്യപ്രഭാഷണം നടത്തി. ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ലഭിക്കേണ്ട ഭരണഘടനാ അവകാശങ്ങൾ നേടിയെടുക്കൽ നമ്മുടെ ജനാധിപത്യപരമായ ഉത്തരവാദിത്തമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ലെജിസ്ലേറ്റീവ്, ജുഡീഷ്യറി, എക്സിക്യൂട്ടീവ് എന്നീ മേഖലകളിൽ ന്യൂനപക്ഷത്തിന്റെ പ്രാതിനിധ്യം ശുഷ്കമാണ്. രാജ്യത്തെ ഓരോ വിഭാഗങ്ങൾക്കും ഓരോ മേഖലകളിലും അർഹമായ പ്രാതിനിധ്യം ലഭിക്കുമ്പോഴേ ജനാധിപത്യം അർത്ഥപൂർണമാകൂ എന്നും അദ്ദേഹം കൂട്ടിച്ചേർത്തു








# ഗൾഫ് മാധ്യമം എഡ്യു കഫേയിലും സിജി സാന്നിധ്യം

ഖത്തർ പൊദ്ദാർ പേൾ സ്കൂളിൽ വച്ച സംഘടിപ്പിച്ച മാധ്യമം എഡ്യൂ–കഫേയിൽ സിജി കരിയർ ക്ലിനിക്കും സി–ഡാറ്റും സംഘടിപ്പിച്ചു. കരിയർ ക്ലിനിക്കിൽ ഒരുപാട് വിദ്യാർത്ഥികൾക്ക് ഉപരിപഠന–കരിയർ മാർഗനിർദ്ദേശങ്ങൾ നൽകാനും, അഭിരുചി നിർണയ പരീക്ഷയിൽ പങ്കെടുപ്പിക്കാനും സാധിച്ചു. പരിപാടി വിദ്യാർത്ഥികൾക്ക് മികച്ചതും ആവേശകരവുമായ അനുഭവമായിരുന്നു.








# സിജി വിഷൻ കോൺക്ലേവ് സംഘടിപ്പിച്ചു.

വിദ്യാഭ്യാസ കരിയർ മേഖലകളിലെ വളർച്ചയിലൂടെ സ്വയം ആശ്രയിക്കുന്ന ഒരു സമൂഹത്തെ രൂപപ്പെടുത്തുക എന്ന ലക്ഷ്യത്തിൽ സിജി നേതൃത്വത്തിൽ നടത്തിക്കൊണ്ടിരിക്കുന്ന വിഷൻ 2030 പദ്ധതികളെ സംബന്ധിച്ചും പ്രവർത്തനങ്ങളെ സംബന്ധിച്ച് വിലയിരുത്തുന്നതിനും ചർച്ച ചെയ്യുന്നതിനുമായി ഗൾഫ് മേഖലയിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ പ്രവർത്തകർ, സാമൂഹിക സേവനം സന്നദ്ധ പ്രവർത്തകർ, വിവിധ സംഘടന പ്രതിനിധികൾ എന്നിവർക്കായി വിഷൻ കോൺക്ലേവ് സംഘടിപ്പിച്ചു.







# സെന്റർ ഫോർ കൊളാബ്രേറ്റീവ് സോഷ്യൽ വർക്ക്

സിജിയുടെ സെന്റർ ഫോർ കൊളാബ്രേറ്റീവ് സോഷ്യൽ വർക്ക് എന്ന ഡിപ്പാർട്ട്മെന്റിന് കീഴിൽ കേരളത്തിന് പുറത്ത് ആസാം ബീഹാർ തമിഴ്നാട് വെസ്റ്റ് ബംഗാൾ എന്നിവിടങ്ങളിലും സിജി പ്രവർത്തനങ്ങൾ സജീവമാണ്. വിദ്യാഭ്യാസപരമായി സാമൂഹികമായി പിന്നോക്കം നിൽക്കുന്ന ജനങ്ങൾക്കായി വിവിധതരം ക്ലാസുകളും പരിപാടികളും സിജി നേതൃത്വത്തിൽ സംഘടിപ്പിക്കുന്നു. കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി കരിയർ ക്ലാസുകളും. സാമൂഹിക വളർച്ചയിൽ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നതിനായി രക്ഷിതാക്കൾക്കായി ബോധവൽക്കരണ ക്ലാസും സിജി നേതൃത്വത്തിൽ സംഘടിപ്പിക്കുന്നു. ബീഹാറിലെ ആറാറിയ കിഷൻ ഗഞ്ച്, വെസ്റ്റ് ബംഗാളിലെ മുഷിദാബാദ്, ആസാം എന്നിവിടങ്ങളിലെ വിവിധ മേഖലകളിലാണ് സിജി പ്രവർത്തനങ്ങൾ സജീവമായിരിക്കുന്നത്. ഈ സംസ്ഥാനങ്ങൾക്ക് പുറമേ തമിഴ്നാട് ചെന്നൈയിലെ തിരുത്തനിയിലെ വിവിധ ഗ്രാമങ്ങളിലും സിജി പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നു.








## പരിവർത്തൻ 3.0 ടീച്ചേഴ്സ് ട്രെയിനിങ് ക്യാമ്പുകൾ

പ്രയാൻ ഫൗണ്ടേഷന്റെയും സിജിയുടെയും സംയുക്താഭിമുഖ്യത്തിൽ അധ്യാപകർക്കായി സംഘടിപ്പിക്കുന്ന ദ്വിദിന പരിശീലന ക്യാമ്പ് പരിവർത്തൻ 3.0 ന് ബീഹാർ കിഷൻഗഞ്ച്, ഖുർത്വുബ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് സംഘടിപ്പിച്ചു. ഖുർത്വുബ വെൽഫെയർ ഫൗണ്ടേഷൻ സ്ഥാപകൻ ഡോ. സുബൈർ ഹുദവി ചേകന്നൂർ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. പ്രയാൻ ഫൗണ്ടേഷൻ ഡയറക്ടർ സി ടി അബ്ദുൽ ഖാദർ നേതൃത്വത്തിൽ നടത്തുന്ന ക്യാമ്പിൽ സിജി എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം നിസാം എ പി, സെക്രട്ടറി കബീർ പി എ, ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് വിഭാഗം ഡയറക്ടർ സിറാജുദ്ദീൻ പറമ്പത്ത് എന്നിവർ പരിശീലനം നൽകി.





## ചെന്നൈ തിരുത്തനിയിലെ ഗ്രാമങ്ങൾ

ചെന്നൈ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന എം എം എ യുമായി സഹകരിച്ച് സിജി നടപ്പിലാക്കാൻ പോകുന്ന റോപ്പ് പദ്ധതിയുടെ ഭാഗമായി ചെന്നൈയിലെ തിരുത്തനി ഗ്രാമങ്ങൾ സന്ദർശിച്ചു. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന ഈ ഗ്രാമങ്ങളെ വിവിധ പദ്ധതികളിലൂടെ വളർത്തിയെടുക്കണമെന്ന് സിജി തീരുമാനിക്കുന്നു.
സിജി ജനറൽ സെക്രട്ടറി ഇസഡ് എ അഷ്റഫ്, സെക്രട്ടറി കബീർ പാറപ്പയിൽ, എന്നിവരുടെ നേതൃത്വത്തിൽ ആയിരുന്നു സന്ദർശനം. ഗ്രാമങ്ങളിലെ ആളുകളുമായി സംവദിക്കുകയും അവിടുത്തെ വിദ്യാഭ്യാസ സാഹചര്യങ്ങൾ മനസ്സിലാക്കുകയും ചെയ്തു.








# സിജിയോത്സവം: സിജി ഡേ 2024

സിജി അംഗങ്ങളും കുടുംബവും ഒത്തുകൂടുന്ന വാർഷിക കുടുംബ സംഗമം സിജി ഡേ കോഴിക്കോട് സിജി ക്യാമ്പസ്സിൽ വച്ച് സംഘടിപ്പിച്ചു. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല വൈസ് ചാൻസിലർ ശ്രീമതി. ഗീതാകുമാരി ഉദ്ഘാടനം ചെയ്തു. മുതിർന്ന സിജി അംഗങ്ങളും, പ്രവർത്തകരും, കുടുംബവും ഒത്തുകൂടിയ ഈ സംഗമം വിവിധ പരിപാടികളാൽ ആകർഷകമായി. സിജി ഗമ എന്നപേരിൽ സിജി പ്രവർത്തകർ തന്നെ ഒരുക്കിയ സംഗീത വിരുന്ന് ഏറെ ആവേശമായി. ഓരോ ഡിപ്പാർട്ട്മെന്റുകളും, ജില്ലാ ക്ലസ്റ്ററുകളും അവരുടെ പ്രവർത്തനങ്ങൾ ദൃശ്യമാക്കുന്നതിനായി സ്റ്റാളുകളും ക്രമീകരിച്ചു. ജി ടെക് കമ്പ്യൂട്ടർ സെന്റർ, ഗായ ഡിസൈൻ ഇൻസ്റ്റിറ്റ്യൂട്ട്, അവർ ഇന്ത്യ ഫൌണ്ടേഷൻ എന്നിവരുടെ നേതൃത്വത്തിൽ സജ്ജീകരിച്ച സ്റ്റാളും ശ്രദ്ധേയമായി.












കുട്ടികൾക്കും മുതിർന്നവർക്കുമായി വിവിധ കലാകായിക പരിപാടികളും സിജി ഡേ യിൽ ഒരുക്കിയിരുന്നു. സിജി പ്രവർത്തകരുടെയും, കരിയർ വിദഗ്ധരുടെയും പുസ്തകങ്ങൾ പ്രകാശനം ചെയ്യുകയും, വിവിധ വിജയികൾക്കുള്ള സമ്മാനദാനം തുടങ്ങി വൈവിധ്യമാർന്ന പരിപാടികൾ സജ്ജീകരിച്ചു. വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച പുരസ്കാരങ്ങൾ കരസ്ഥമാക്കിയ, സിജിയിലും സിജിക്ക് പുറത്തും സമർപ്പിതമായ പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ സിജിയന്മാരെ ആദരിക്കുകയും ചെയ്തു.





















Results that
speak volumes!
5 YEARS
34 WORLD RANKS
62 NATIONAL RANKS
മികച്ച
സാലറിയോടുകൂടെ
ഇന്റർനാഷണൽ
കൊമേഴ്‌സ്
പ്രൊഫഷണലാവാൻ
ചൂസ് ചെയ്യൂ
ACCA, CA, CMA USA
ELANCE
ONLINE / OFFLINE / HYBRID CLASSES
ADMISSIONS OPEN
KOCHI | CALICUT
7025 10 70 70


BRILLIANCE
online
Eranhipalam, Kozhikode
Ph: 7025662266, 0495 2765025
നിങ്ങൾ അറിഞ്ഞോ?
ഇനി വീട്ടിലിരുന്ന് പഠിക്കാം....
വീട്ടിലിരുന്ന് പരീക്ഷയും എഴുതാം...
UGC & PSC Approved Degree & PG Now in ONLINE
100% Online Classes & Online Exams
Celebrating 25 BRILLIANT YEARS
MBA, MCA, MSW,
Msc, MA, MTech
BBA, BCA, B.Com
BA, MA, M.Com
From NAAC A+ & A++ Universities
+2 @ SIX MONTHS
ONLINE COACHING FOR SSC, RAILWAY & BANK
YENEPOYA
MANIPAL UNIVERSITY JAIPUR
JAIN ONLINE
AMITY UNIVERSITY ONLINE
AMRITA VISHWA VIDYAPEETHAM
AHEAD Online
ALIGARH MUSLIM UNIVERSITY
For more information
ANDHRA UNIVERSITY
Mizoram University
MANGALAYATAN UNIVERSITY
GURU KASHI UNIVERSITY
SHARDA UNIVERSITY
VIGNAN'S
ONLINE
onlinebrilliance.com


"NEET 2025 ഉറപ്പിക്കാം,
ഡോക്ടർമാർക്കൊപ്പം!"
our courses
DOPA Repeaters Batch
DOPA Integrated school
DOPA Crash course
DOPA Foundation
DOPA
INDIA'S 1ST & LARGEST DOCTORS' NEET COACHING PLATFORM
Kozhikode, Malappuram,
Palakkad, Thrissur & Tamilnadu
9645 20 2200


C DAT
CIGI Differential Aptitude Tests
CIGI DIFFERENTIAL APTITUDE TESTS
CIGI Differential Aptitude Tests(C-DAT) is a scientific method to assess the innate aptitude of children at an early age, developed by CIGI. It can help your children to assess their natural potentialities at school level itself. This will allow them to hone their skills and concentrate in their potential areas well before starting higher education.
Who can attend?
Students of Class 9,10,11 & 12
Mode of test
Computer Based Test
How to register?
Visit www.cigi.org/cdat
WHY CHOOSE US?
Identifying the innate ability of the student
Identifying the strong and weak areas of the student
Provides individual career counseling
Support in designing a Career Plan
Career mentoring
Provides detailed information on courses, institution and the admission process
For more info:
+91 8086664001
Golf Link Road
Chevayur, Calicut



UNIVERSAL PUBLIC SCHOOL
UNIVERSAL TOPPERS 2024
NEET
NEET SCORE 705 FENIYA JABIN
NEET SCORE 701 SHAHANA P P
NEET SCORE 700 MOHAMMED NABHAN P
NEET SCORE 700 SOUBAN N
JEE ADVANCED
JEE SCORE 177 RAZAL MARAKKAR
JEE SCORE 156 MAHMOOD SINAN PA
JEE SCORE 145 MOHD BIN HASSAN
JEE SCORE 129 ANGELOSE G
JEE SCORE 112 AMAL THAHSEEN
JEE MAIN
പത്തിൽ പഠിക്കുന്നവർക്ക് സ്കോളർഷിപ്പ്, സ്ക്രീനിംഗ് പരീക്ഷകൾ ജനുവരി 5, ഏപ്രിൽ 2 തീയതികളിൽ
കോട്ടക്കൽ യൂണിവേഴ്സൽ ഇൻസ്റ്റിറ്റ്യൂട്ട് അടുത്ത വർഷം യൂണിവേഴ്സൽ പബ്ലിക് സ്കൂൾ പ്ലസ് വൺ ഐ.ഐ.ടി, എയിംസ് ബാച്ചുകളുടെ അഡ്മിഷന് വേണ്ടി നടത്തുന്ന സ്ക്രീനിംഗ് ടെസ്റ്റ് ജനുവരി 5 നും, സ്ക്രീനിംഗ് കം സ്കോളർഷിപ്പ് ടെസ്റ്റ് ഏപ്രിൽ 2 നും നടക്കും. പത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ പരീക്ഷകൾ എഴുതാം. പത്തിലെ ഫിസിക്സ്, കെമിസ്ട്രി, ബയോളജി, മാത്ത്സ് വിഷയങ്ങളെ ആസ്പദമാക്കിയാണ് ചോദ്യങ്ങൾ. പരീക്ഷക്ക് രജിസ്റ്റർ ചെയ്യുന്നതിനായി വെബ്സൈറ്റ് സന്ദർശിക്കുക. വെബ്സൈറ്റ്: www.exam.universalinstitute.in
SINCE 2000
UNIVERSAL INSTITUTE, KOTTAKKAL®
MEDICAL / ENGINEERING / IIT ENTRANCE COACHING CENTRE
Changuvetty, Kottakkal, Malappuram Dt., Ph: 7034031009, 9895 165807, 9847 873311



ലക്ഷ്യം മികച്ച ജോലിയെങ്കിൽ
പഠനം ജി-ടെക്കിൽ തന്നെ
PDIFAS
PROFESSIONAL DIPLOMA IN INDIAN FOREIGN AND SAP ACCOUNTING
SAP FICO
Institute of accountants & bookkeepers
UNITED KINGDOM
DATA ANALYSIS
DATA SCIENCE
ROBOTICS
ARTIFICIAL INTELLIGENCE
ഇന്ത്യയിൽ ആദ്യമായി പഠനത്തിനൊപ്പം
Articleship & Internship with Stipend
B.Com +
CA CMA (USA) ACCA
G TEC COMPUTER EDUCATION®
www.gteceducation.com
OPP. ASHOKA HOSPITAL - MANANCHIRA Ph: 9961 233 944